# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വണ്ടാഴി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.കെ.ഡി-(പി 18)1517/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 10/11/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വണ്ടാഴി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.കെ.ഡി-(പി 18)1517/23 തീയ്യതി: 10/11/2023

## പാലക്കാട് ജില്ലയിലെ വണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ വണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 17-01-2023 മുതൽ 03-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാം മനോഹർ വി.കെ | ഡെപ്യൂട്ടി ഡയറക്ടർ | 04-09-2023 | 14-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 04-09-2023 | 14-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

രാജൻ.കെ. ഓഡിറ്റ് ഓഫീസർ
മുഹമ്മദ് ഹിഷാം.എം. സീനിയർ ഗ്രേഡ് ഓഡിറ്റർ
ആതിര.എച്ച്. സീനിയർ ഗ്രേഡ് ഓഡിറ്റർ
ഗീത.കെ. ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ.കെ.എൽ.രമേഷ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.സാജൻ.എം. | സെക്രട്ടറി | 01-04-2022 | 16-07-2022 |
| ശ്രീമതി.മൃദുല.കെ.എസ്. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 17-07-2022 | 11-09-2022 |
| ശ്രീ.സാജൻ.എം. | സെക്രട്ടറി | 12-09-2022 | 11-10-2022 |
| ശ്രീ.വിനേഷ്.പി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 12-10-2022 | 19-10-2022 |
| ശ്രീ.സജീവ്കുമാർ,കെ,ജി. | സെക്രട്ടറി | 20-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.മൃദുല.കെ.എസ്. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 03-10-2022 |
| ശ്രീ.വിനേഷ്.പി, | അസിസ്റ്റന്റ് സെക്രട്ടറി ഇൻ-ചാർജ് | 04-10-2022 | 13-10-2022 |
| ശ്രീമതി.മൃദുല.കെ.എസ്. | അസിസ്റ്റന്റ് സെക്രട്ടറി | 14-10-2022 | 27-10-2022 |
| ശ്രീ.വിനേഷ്.പി, | അസിസ്റ്റന്റ് സെക്രട്ടറി ഇൻ-ചാർജ് | 28-10-2022 | 02-11-2022 |
| ശ്രീ.സോമസുന്ദരൻ.കെ. | അസിസ്റ്റന്റ് സെക്രട്ടറി | 03-11-2022 | 31-03-2023 |
| ശ്രീമതി.ശ്രീജാമോൾ.എം. | വി.ഇ.ഒ.-2 | 01-04-2022 | 02-08-2022 |
| ശ്രീ.ഷെറീഫ്.ജെ. | വി.ഇ.ഒ.-2 | 03-08-2022 | 31-03-2023 |
| ശ്രീമതി.സജിത.കെ. | വി.ഇ.ഒ.-1 | 01-04-2022 | 31-03-2023 |
| ഡോ.ഉല്ലാസ് തോമസ് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 01-04-2022 | 10-05-2022 |
| ഡോ.വിജയൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 11-05-2022 | 31-03-2023 |
| ഡോ.ബിന്ദു,കെ, | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2022 | 31-03-2023 |
| ശ്രീമതി.സുധാകുമാരി.എ.സി. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.അരുണ.വി. | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2022 | 19-11-2022 |
| ശ്രീമതി.സിജി ജോസ് | അസിസ്റ്റന്റ് എഞ്ചിനിയർ | 20-11-2022 | 11-01-2023 |
| ശ്രീമതി.ഷബീന.ഐ. | അസിസ്റ്റന്റ് എഞ്ചിനിയർ | 12-01-2023 | 31-03-2023 |
| ഡോ.നിഷിത.കെ.എ. | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീ.മനു ചന്ദ്രൻ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ.ഫാസിൽ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.വിജയലക്ഷ്മി.വി.കെ. | ഹെഡ് മിസ്ട്രസ്സ് | 01-04-2022 | 30-06-2022 |

| | | | |
|---|---|---|---|
| ശ്രീമതി.അനു.ആർ. | ഹെഡ് മിസ്ട്രസ്സ് | 01-07-2022 | 26-10-2022 |
| ശ്രീമതി.ഉഷാകുമാരി | ഹെഡ് മിസ്ട്രസ്സ് | 27-10-2022 | 31-03-2023 |
| ശ്രീ.ഗൗതം.എൽ. | കൃഷി ഓഫീസർ | 01-04-2022 | 31-07-2022 |
| ശ്രീമതി കൃഷ്ണ | കൃഷി ഓഫീസർ | 01-08-2022 | 30-09-2022 |
| ശ്രീ മോഹനരാജൻ | കൃഷി ഓഫീസർ | 01-10-2022 | 27-10-2022 |
| ശ്രീമതി റിനീഷ ബക്കർ | കൃഷി ഓഫീസർ | 28-10-2022 | 31-03-2023 |
| ഡോ. അരുണാ കരോളിൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 11-05-2022 |
| ഡോ.ഷജേഷ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 12-05-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | റീ-കൺസിലേഷൻ സ്റ്റേറ്റ്മെന്റിലെ Cash Or Cheque Withdrawal – തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല | 1-1-1 |
| 3 | പ്രതിമാസ റീകൺസിലിയേഷൻ നടത്തി ബാങ്ക് അക്കൗണ്ടുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല | 1-1-2 |
| 4 | ട്രയൽ ബാലൻസിൽ B-11 പ്രകാരമുള്ള എല്ലാ Fixed Asset ഉം മുന്നിരിപ്പായി വന്നിട്ടില്ല | 1-1-3 |
| 5 | Accumulated Depreciation - തൻ വർഷ നിരക്ക് കണക്കാക്കിയിട്ടില്ല | 1-1-4 |
| 6 | B-4 ലെ നീക്കിയിരിപ്പും B-17 നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | വാട്ടർ ചാർജ് – വാർഷികകണക്കും രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | ലെഡ്ജറും രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തുന്നില്ല | 1-1-7 |
| 9 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല | 1-1-8 |
| 10 | അഡ്വാൻസ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-9 |
| 11 | ആസ്തി വിവരങ്ങൾ കാലികമാക്കിയിട്ടില്ല | 1-1-10 |
| 12 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്-കൃത്യതയില്ല | 1-1-11 |
| 13 | അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും വാർഷിക കണക്കിൽ ചേർത്തിട്ടില്ല | 1-1-12 |
| 14 | സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല | 1-1-13 |
| 15 | ബജറ്റ് | 1-2 |
| 16 | സാമ്പത്തിക വിശകലനം | 1-3 |
| 17 | ഫണ്ട് വിനിയോഗം | 1-4 |
| 18 | പദ്ധതി അവലോകനം | 1-5 |
| 19 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 20 | ക്ഷേമ പെൻഷനുകൾ | 1-7 |
| 21 | ക്യാഷ് പരിശോധന | 1-8 |
| 22 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 23 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 24 | വസ്തുനികുതി - അവലോകനം | 1-11 |
| 25 | ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് ഫീസ് ഈടാക്കുന്നത് ചട്ടപ്രകാരമല്ല | 1-12 |
| 26 | തൊഴിൽ നികുതി രേഖകളുടെ പരിശോധനയിന്മേലുള്ള കണ്ടെത്തലുകൾ | 1-13 |

| | | |
|---|---|---|
| 27 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-13-1 |
| 28 | ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് കൃത്യമല്ല | 1-13-2 |
| 29 | ജീവനക്കാരുടെ തൊഴിൽ നികുതി തൻവർഷ വരവ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-13-3 |
| 30 | കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്- ഡിമാന്റ് കൃത്യമാക്കി കുടിശ്ശിക ഈടാക്കാൻ അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടില്ല | 1-14 |
| 31 | വാർഷിക ധനകാര്യ പത്രികയിലും വാട്ടർ ചാർജ് ഡിമാന്റ് രജിസ്റ്ററിലും ഡിമാന്റും കളക്ഷനും വ്യത്യാസം | 1-14-1 |
| 32 | കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല | 1-14-2 |
| 33 | കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ഗ്രാമപഞ്ചായത്തിന്സാമ്പത്തിക ബാധ്യതയാകുന്നു | 1-15 |
| 34 | പ്രോജക്ടിന് അംഗീകാരം ലഭിക്കാതെ തുക ചെലവഴിച്ചു | 1-16 |
| 35 | എ.ബി.സി പ്രോഗ്രാം വിനിയോഗ വിവരം ഹാജരാക്കേണ്ടതാണ് | 1-17 |
| 36 | കോക്ലിയർ ഇംപ്ലാന്റേഷൻ- രേഖകൾ ഹാജരാക്കേണ്ടതാണ് | 1-18 |
| 37 | ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ നൽകൽ- അപാകതകൾ | 1-19 |
| 38 | ഗോത്രസാരഥി പദ്ധതി- രേഖകൾ ഹാജരാക്കിയില്ല | 1-20 |
| 39 | പകർച്ചവ്യാധി പ്രതിരോധ മരുന്നുകൾ - ഉപയോഗിക്കുന്നില്ല | 1-21 |
| 40 | ലൈഫ് - ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-22 |
| 41 | വീട് വാസയോഗ്യമാക്കൽ- തുക അധികം നൽകി | 1-23 |
| 42 | മാർഗരേഖക്ക് വിരുദ്ധമായി അംഗീകാരം ഇല്ലാതെ പ്രോജക്ട് നടപ്പിലാക്കിയത് സംബന്ധിച്ച് | 1-24 |
| 43 | ആദിവാസി കോളനിയിലേക്ക് സ്ട്രീറ്റ് ലൈന്‍ സ്ഥാപിച്ചതില്‍ സ്ട്രീറ്റ് ലൈറ്റ് വാങ്ങല്‍-വാങ്ങിയ സ്ട്രീറ്റ് ലൈറ്റുകള്‍ സ്ഥാപിച്ചിട്ടില്ല | 1-25 |
| 44 | തെരുവിളക്ക് അറ്റകുറ്റപ്പണി-കൃത്യമായ കണക്കില്ലാതെ തുക ചെലവഴിക്കുന്നു | 1-26 |
| 45 | ഐകെഎം ന് പഞ്ചായത്ത് വിഹിതം നല്‍കല്‍-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-27 |
| 46 | കടപ്പാറ ജി എല്‍ പി സ്കൂളിൽ സ്ഥാപിക്കുന്നതിന് വാട്ടര്‍ പ്യൂരിഫയര്‍ വാങ്ങിയത് സ്കൂളിൽ സ്ഥാപിക്കാതെ ഗ്രാമ പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിരിക്കുന്നു | 1-28 |
| 47 | ഹോമിയോ മരുന്നുകൾ സ്റ്റോക്കിലെടുത്ത് സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കേണ്ടതാണ് | 1-29 |
| 48 | കംപ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ സ്റ്റോക്ക് രജിസ്റ്റർ കൃത്യമാക്കി സൂക്ഷിച്ചിട്ടില്ല | 1-30 |
| 49 | അസിസ്റ്റന്റ് എഞ്ചിനിയറുടെ അക്കൗണ്ടിൽ അവശേഷിക്കുന്ന തുക | 1-31 |

| | | |
|---|---|---|
| | ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് കൈമാറേണ്ടതാണ് | |
| 50 | മരാമത്ത് പ്രവൃത്തികൾ -എഗ്രിമെന്റ് ചമയ്ക്കുന്നതിൽ കാലതാമസം-ഫൈൻഈടാക്കിയില്ല | 1-32 |
| 51 | മെറ്റീരിയലുകൾ വിതരണം ചെയ്ത വിതരണക്കാരുടെ ബില്ലുകളിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തിയില്ല | 1-33 |
| 52 | മരാമത്ത് പ്രവൃത്തികൾ-പൊതു അവലോകനം | 1-34 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | വീട് വാസയോഗ്യമാക്കൽ- തുക അധികം നൽകി | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യേവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്കിന്റെ സംക്ഷിപ്ത പത്രികകൾ | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 7(1)/14.07.2023-ലെ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 02-08-2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോറങ്ങൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള വണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 തിയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായി വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, വണ്ടാഴി ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: പാലക്കാട്

തീയതി: 10-11-2023

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 റീ-കൺസിലേഷൻ സ്റ്റേറ്റ്മെന്റിലെ Cash Or Cheque Withdrawal – തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

1. താഴെ പറയുന്ന ബാങ്ക് അക്കൗണ്ടിന്റെ റീ-കൺസിലിയേഷൻ പരിശോധിച്ചതിൽ 2023 മാർച്ച് 31 ന്

താഴെ പറയും പ്രകാരം തുകകളുടെ വ്യത്യാസം രേഖപ്പെടുത്തിയിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണം 3/8-9-23)

I. State Bank Of India VADAKKENCHERRY( 67386966602 )

Bank Book -3,735,934/-

Add

Cheque Issued But Not Presented Into Bank (P) -42,196

Directly Credited By Bank -50,898

Cash Or Cheque Withdrawal- 476,799

Less

Cheque Deposited But Not Cleared -368,854

Directly Debited By Bank -72

Cash Or Cheque Deposited- 11,000

Passbook Balance -3,925,901

1. 2011 ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 46 പ്രകാരം നിശ്ചിത കാലയളവിനുള്ളിൽ പണമാക്കാത്തതും റീവാലിഡേറ്റ് ചെയ്യാത്തതുമായ ചെക്കുകൾ Liability In Respect Of Stale Cheque എന്ന ശീർഷകത്തിലേക്ക് മാറ്റേണ്ടതാണ്. ബാങ്ക് റിക്കൺസിലേഷൻ സ്റ്റേറ്റ്മെന്റുകൾ പ്രകാരം 31.03.2023 വരെ പണമാക്കാത്ത ചെക്കുകളിലായി 42,196/- രൂപ നിലനില്ക്കുന്നു. ആയതിൽ 30.4.22 മുതലുള്ള ചെക്കുകൾ ഉൾപ്പെട്ടിട്ടുണ്ട്.

2.Cash Or Cheque Withdrawal പ്രകാരമുള്ള 476,799 രൂപയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

### 1-1-2 പ്രതിമാസ റീകൺസിലിയേഷൻ നടത്തി ബാങ്ക് അക്കൗണ്ടുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല

ബാങ്ക്, ട്രഷറി അക്കൌണ്ടുകളുടെ ബാങ്ക് റീകൺസീലിയേഷൻ പത്രികകൾ എല്ലാ മാസങ്ങളിലും തയ്യാറാക്കി അതത് ബാങ്ക് അക്കൗണ്ടുകളുമായി പൊരുത്തപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. (2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ(ചട്ടം 57)). എന്നാൽ 2023 മാർച്ച് 31 ന് ശേഷം റീകൺസീലിയേഷൻ നടത്തിയിട്ടില്ല.

### 1-1-3 ട്രയൽ ബാലൻസിൽ B-11 പ്രകാരമുള്ള എല്ലാ Fixed Asset ഉം മുന്നിരിപ്പായി വന്നിട്ടില്ല

2021-22 ലെ B-11 പ്രകാരമുള്ള Fixed Asset ലെ പല ഇനങ്ങളും 2022-23 ലെ ട്രയൽ ബാലൻസ് മുന്നിരിപ്പായി വന്നിട്ടില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു

1. Building Bus Stand (410200102) – 48,402

2. Building – Burial Ground – (410200104) – 8,70,540

3. Building – Others (410200199) – 2,32,33,209

4. Road – Cement Concrete (410300101) – 97,94,882

### 1-1-4 Accumulated Depreciation - തൻ വർഷ നിരക്ക് കണക്കാക്കിയിട്ടില്ല

ബാലൻസ് ഷീറ്റ് B-11(a) – Schedule Accumulated Depreciation 2021-22 ലും തൻ വർഷ ബാലൻസ് ഷീറ്റ് B-11(a ) ഷെഡ്യൂളിലെ മൂല്യവും ഒന്നാണ്. 2022-23 സാമ്പത്തിക വർഷത്തെ Depreciation കണക്കാക്കിയിട്ടില്ല.

1-1-5 B-4 ലെ നീക്കിയിരിപ്പും B-17 നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല

സെൻട്രൽ ഫിനാൻസ് കമ്മിഷൻ ഗ്രാന്റിന്റെ ICICI ബാങ്ക് അക്കൗണ്ടിലെ(267701000166) 31.3.23 ലെ നീക്കിയിരിപ്പ് B17 ഷെഡ്യൂൾ 8697351/-രൂപയാണ്.എന്നാൽ B4 ഷെഡ്യൂൾ പ്രകാരം Basic Grant-3971928/-, Tide 4635758/- (ആകെ 8607686/-) എന്നിങ്ങനെയാണ്. വ്യത്യാസം - 89665 രൂപ.

ചുവടെ ചേർക്കുന്ന അക്കൗണ്ടുകളിലും വ്യത്യാസമുണ്ട്

| | B -4 | B -17 |
|---|---|---|
| ഹരിയാലി | 54 | 5420 |
| TSC | 329645 | 1641854 |

1-1-6 വാട്ടർ ചാർജ് – വാർഷികകണക്കും രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല

വാട്ടർ ചാർജ് – വാർഷികകണക്കിലെ തുകകളും രജിസ്റ്ററിലെ വരവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

1-1-7 ലെഡ്ജറും രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തുന്നില്ല

ലെഡ്ജർ ബാലൻസുകളും ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല. ഉദാ. ഓഡിറ്റോറിയം വാടക, തൊഴിൽ നികുതി(ജീവനക്കാരുടെ), വാട്ടർ ചാർജ്.

1-1-8 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽകൂട്ടിയിട്ടില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം 15/03/2014 മുതൽ 15/07/16 വരെ ആകെ 8512/- രൂപയുടെ ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടിയിട്ടില്ല.

1-1-9 അഡ്വാൻസ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല

വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂളിൽ Advance To Implementing Officer (460500501 ശീർഷകം) 333150/- രൂപ എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ അഡ്വാൻസ് രജിസ്റ്ററിൽ ഇത് സംബന്ധിച്ച് രേഖപ്പെടുത്തൽ ഇല്ല.

1-1-10 ആസ്തി വിവരങ്ങൾ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

1-1-11 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്-കൃത്യതയില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase/decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 8879828 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 13959314രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും ഗ്രാമപഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-12 അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും വാർഷിക കണക്കിൽ ചേർത്തിട്ടില്ല

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, ചട്ടം 62(എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-13 സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല

ഡിമാന്റുകൾ ഉത്ഭവിക്കുന്ന സമയത്ത് തന്നെ ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല. ഉദാഹരണം-

വസ്തുനികുതി ലെഡ്ജറിൽ സാമ്പത്തിക വർഷവസാനത്തിലാണ് ഡിമാന്റ് രേഖപ്പെടുത്തിയിട്ടുള്ളത്.

## 1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് 24/03/2022 തീയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 17/03/2023 തീയതിയിലെ 8/1 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| | വാർഷിക ബജറ്റ് | പരിഷ്കരിച്ച ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 3,81,34,095 | 1,29,88,235 |
| വരവ് | 56,44,00,490 | 32,08,10,354 |
| ആകെ | 60,25,34,585 | 33,37,98,589 |
| ചെലവ് | 57,21,22,315 | 28,67,92,356 |
| നീക്കിയിരിപ്പ് | 3,04,12,270 | 4,70,06,233 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 8510267 |
| വരവ് | 46808554 |
| ആകെ | 55318821 |
| ചെലവ് | 37928726 |
| നീക്കിയിരിപ്പ് | 17390095 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 0 | 23017784 | 23017784 | 20093405 | 2924379 |
| വികസനഫണ്ട് -എസ്.സി.പി | 0 | 10454216 | 10454216 | 9053679 | 1400537 |
| വികസനഫണ്ട് -ടി.എസ്.പി | 0 | 2594000 | 2594000 | 804738 | 1789262 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 11977000 | 11977000 | 2465231 | 9511769 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 6766000 | 6766000 | 4921525 | 1844475 |
| | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- അൺടൈഡ് | 1104270 | 4138327 | 5242597 | 1270669 | 3971928 |

| | | | | | |
|---|---|---|---|---|---|
| ഗ്രാന്റ്-New | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ്-New | 158281 | 6018000 | 6176281 | 1540523 | 4635758 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺടൈഡ് ഗ്രാന്റ്-Spillover | 0 | 756089 | 756089 | 0 | 756089 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ്-Spillover | 0 | 1595315 | 1595315 | 226384 | 1368931 |

കേന്ദ്രാവിഷ്കൃതം

എ)

| | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| ICDS | 2872402 | 1748662 | 4621064 | 838616 | 3782448 |
| TSC | 329645 | 0 | 329645 | 0 | 329645 |
| കേന്ദ്രാവിഷ്കൃതം-Total Sanitation | 1134193 | 0 | 1134193 | 0 | 1134193 |

ബി) തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 3335 | 1131105 | 1134440 | 396419 | 738021 |
| തൊഴിലാളികളുടെ വേതനം | 0 | 8832465 | 8832465 | 8832465 | 0 |
| ആകെ | 3335 | 9963570 | 9966905 | 9228884 | 738021 |

C)സംസ്ഥാനാവിഷ്കൃതം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ശുചിത്വ മിഷൻ ഗ്രാന്റ് | 2533937 | 0 | 2533937 | 900782 | 1633155 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 230 | 166103560 | 130 | 47248768 | 0 | 100 | 56.52 |

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതികൾക്കായി വകയിരുത്തിയ തുകയുടേയും ചെലവിന്റേയും വിവരം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 2 | 2 | 6476078 | 5217475 | 80.56 |
| വെറ്ററിനറി സർജൻ | 8 | 8 | 3880000 | 2252595 | 58.05 |
| മെഡിക്കൽ ഓഫീസർ-PHC | 8 | 7 | 2549733 | 1794823 | 70.39 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 5 | 5 | 1700000 | 1700000 | 100 |
| വി.ഇ.ഒ-1 | 12 | 9 | 36327950 | 5375910 | 14.79 |
| വി.ഇ.ഒ-2 | 12 | 9 | 56268594 | 6413790 | 11.39 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 12 | 9 | 6903193 | 5069536 | 73.43 |
| സെക്രട്ടറി | 51 | 35 | 12588527 | 8211490 | 65.22 |
| അസി.സെക്രട്ടറി | 10 | 6 | 2677816 | 1146280 | 42.8 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 98 | 30 | 32785929 | 7178975 | 21.89 |
| എച്ച്.എം | 10 | 8 | 2745740 | 1728654 | 62.95 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 1100000 | 1100000 | 100 |
| സബ് ഇൻസ്പെക്ടർ ഓഫ് | 1 | 1 | 100000 | 59240 | 59.24 |

| | | | | | |
|---|---|---|---|---|---|
| ഫിഷറീസ് | | | | | |
| ആകെ | 230 | 130 | 166103560 | 47248768 | 28.44 |

അതാത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 3335 | 1131105 | 1134440 | 396419 | 738021 |
| തൊഴിലാളികളുടെ വേതനം | 0 | 8832465 | 8832465 | 8832465 | 0 |
| ആകെ | 3335 | 9963570 | 9966905 | 9228884 | 738021 |

## 1-7 ക്ഷേമ പെൻഷനുകൾ

തൻവർഷം ഗ്രാമപഞ്ചായത്ത് വിതരണം ചെയ്ത വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 4955800 | 477 |
| വിധവാ പെൻഷൻ | 17535200 | 1660 |
| വാർദ്ധക്യകാല പെൻഷൻ | 30002400 | 3110 |
| വികലാംഗ പെൻഷൻ | 4091600 | 390 |
| സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 60000 | 2 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 832000 | 75 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് പരിശോധന - 5-09-2023 തീയതി ഉച്ചതിരിഞ്ഞ് 3.26 ന് ജെ.എസ് ന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി 19126/- (പത്തൊൻപതിനായിരത്തി ഒരുനൂറ്റി ഇരുപത്തിയാറു രൂപ) രൂപയുടെ വരവ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ഓർഡർ പ്രകാരം വിവിധ സെക്ഷനുകൾക്ക് ഉത്തരവാദിത്തങ്ങൾ നിർണ്ണയിച്ച് നൽകിയിട്ടുണ്ട്.

നികുതി, നികുതിയേതര വരുമാനം പൊതുവെ കുറവുള്ള പഞ്ചായത്തിൽ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള കാര്യക്ഷമമായ ഇടപെടൽ ഉണ്ടായതായി കാണുന്നില്ല. യാഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിച്ചിട്ടില്ല.

വാർഷിക കണക്ക് തയ്യാറാക്കുന്നതിനു മുമ്പായി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കണക്കുകളുമായി പൊരുത്തപ്പെടുത്തി പരിശോധിക്കുന്നതിൽ പോരായ്മ ഉണ്ടായിട്ടുണ്ട്. വായ്പയിനത്തിൽ തിരിച്ചടയ്ക്കുവാനുള്ള യഥാർത്ഥ തുക ബാലൻസ് ഷീറ്റിൽ പ്രതിഫലിക്കാത്തതും മേൽനോട്ടക്കുറവിന്റെ പോരായ്മയായി വിലയിരുത്തുന്നു.

ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുള്ള ഗ്രാമപഞ്ചായത്തിന് ആയത് നിലനിർത്തുവാൻ ആവശ്യമായ തുടർനടപടികൾ ഉണ്ടാകേണ്ടതുണ്ട്.

2022 ഏപ്രിൽ മാസം മുതൽ ILGMS സംവിധാനത്തിലൂടെ ഫയലുകൾ കൈകാര്യം ചെയ്യുവാൻ ആരംഭിച്ചിട്ടുണ്ട്. സെക്ഷനുകൾ വിവിധ ജോലികൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നുണ്ടെന്ന് നിരീക്ഷിക്കുവാൻ ഉന്നതാധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

2015-16 വരെയുള്ള കണക്കുകൾ അക്കൗണ്ടന്റ് ജനറൽ പരിശോധിച്ചിട്ടുണ്ട്. റിപ്പോർട്ട് ക്ലോസ് ചെയ്തിട്ടുണ്ട്.

പെർഫോമൻസ് ഓഡിറ്റ് നവംബർ, 2022 വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. റിപ്പോർട്ടിൽ ഗുരുതരമായി പരാമർശങ്ങൾ ഒന്നുമില്ല.

## 1-11 വസ്തുനികുതി - അവലോകനം

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 203, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4(5) എന്നിവ അനുസരിച്ച് 5 വർഷത്തിലൊരിക്കൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കേണ്ടതാണ്. സെക്ഷൻ 203 പ്രകാരം 25% വർദ്ധനവ് വരുത്തിക്കൊണ്ടാണ് വസ്തുനികുതി പരിഷ്കരണം നടത്തേണ്ടതെങ്കിലും ഈ വ്യവസ്ഥയിൽ ഇളവ് വരുത്തി വർഷം തോറും 5% എന്ന തോതിൽ 01-04-2023 തീയതി പ്രാബല്യത്തിൽ ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രധാന നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

1. സ.ഉ(കൈ)നം.77/2023/LSGD തിയതി 22-3-2023 – വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

2. സ.ഉ(അച്ചടി)നം.25/2023/LSGD തിയതി 5-4-2023 (എസ്.ആർ.ഒ നം.479/2023/10-4-2023) – കുറഞ്ഞതും കൂടിയതുമായ വസ്തു നികുതി നിരക്കിന്റെ വിജ്ഞാപനം

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ഗ്രാമപഞ്ചായത്തിൽ 19 വാർഡുകളിലായി 14021 കെട്ടിടങ്ങളാണ് നിലവിലുള്ളത്. വസ്തുനികുതി പരിഷ്കരണ ഉത്തരവിന് വിധേയമായി വണ്ടാഴി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ നിലവിലെ സ്ഥിതി വിവരങ്ങൾ ചുവടെ ചേർക്കുന്നു

### 1. നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി പുതുക്കൽ

2022-23 വർഷം വരെ വസ്തുനികുതി നിശ്ചയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെയും വാർഷിക വസ്തു നികുതിയോടൊപ്പം അഞ്ചു ശതമാനം വർദ്ധനവ് വരുത്തി പുതുക്കി നിശ്ചയിക്കേണ്ടതാണെന്നും വസ്തുനികുതിയോടൊപ്പം സേവന ഉപ നികുതികളും പുതുക്കി നിശ്ചയിക്കുകയും പുതുതായി സേവന ഉപ നികുതികൾ ചുമത്തുകയും ചെയ്യാവുന്നതാണെന്നും വസ്തു നികുതി പരിഷ്കരണ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. പഞ്ചായത്തിലെ എല്ലാ കെട്ടിടങ്ങളുടെയും വസ്തു നികുതിയിൽ 5% വർദ്ധനവ് വരുന്ന രീതിയിൽ സഞ്ചയ സോഫ്റ്റ്‌വെയർ ഡാറ്റ ഐ.കെ.എം ക്രമീകരിച്ചിട്ടുണ്ട്.

### 2.വസ്തു നികുതിയുടെ പുതുക്കിയ നിരക്കിന്റെ വിജ്ഞാപനം

5% വർദ്ധനവ് വരുത്തിയതിന് പുറമേ കെട്ടിടങ്ങളുടെ അടിസ്ഥാന വിവരം ശേഖരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.ഉത്തരവുകൾ കണക്കിലെടുത്ത് 10.5.23 തീയതിയിലെ

എസ്സി4/480/2022 നം. ഉത്തരവ് പ്രകാരം കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

പൊതു ജനങ്ങൾക്ക് ആക്ഷേപം ഉണ്ടെങ്കിൽ അറിയിക്കുന്നതിനായി 1 മാസം സമയം നൽകിയിരുന്നുവെങ്കിലും പരാതിയൊന്നും ഇല്ലാത്തതിനാൽ കരട് വിജ്ഞാപനം അംഗീകരിക്കുകയും 15.6.23തിയതിയിൽ എസ് സി4/480/22നം പ്രകാരം അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ച് വില്ലേജ് ഓഫീസിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.
കൂടാതെ മാതൃഭൂമി, ദേശാഭിമാനി പത്രങ്ങളിൽ വിജ്ഞാപനം പരസ്യപ്പെടുത്തിയിട്ടുമുണ്ട്.

3.വസ്തു നികുതി നിരക്കും മേഖലകളും റോഡുകളുടെ തരംതിരിവും

പുതിയതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ബാധകമാക്കേണ്ട നിരക്കുകളും മേഖലകളുടെ തരംതിരിക്കലും വഴി സൌകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരം തിരിക്കലുകളും ഗ്രാമപഞ്ചായത്തിന് പുതുക്കി നിശ്ചയിക്കാവുന്നതാണ്.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 7 ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങളും വാർഡ് അടിസ്ഥാനത്തിലുള്ള വിവരങ്ങളും വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതി വർദ്ധനവ്/ഇളവ് നല്കുന്നതിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളും ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണം (നം.2/5-9-23) ന് മറുപടിയായി വഴി സൌകര്യത്തിന്റെ അടിസ്ഥാനത്തിലും മേഖല തിരിച്ചുള്ള വിജ്ഞാപനം നടത്തിയതായി അറിയിച്ചിട്ടുണ്ട് ( 29/4/23 ലെ ഭരണസമിതി തീരുമാനം. 7/1). ആയത് നോട്ടീസ് ബോർഡിൽ പ്രസിദ്ധികരിച്ചിട്ടുണ്ട്. 2023 മെയ് 12 ലെ ദേശാഭിമാനി പത്രത്തിൽ വിജ്ഞാപനം പരസ്യപ്പെടുത്തിയിട്ടുണ്ട്.

4.വിവരശേഖരണവും ഡാറ്റാ എൻട്രിയും

വിവരശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഐ.ടി.ഐ/ഐ.ടി.സി/സിവിൽ-ഡിപ്ലോമ/സിവിൽ സർവ്വെയർ എന്നീ യോഗ്യതയുള്ളവരെ നിയോഗിക്കാവുന്നതാണ്. ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപന തീരുമാന പ്രകാരം ഒരു കെട്ടിട നമ്പരിന് 30/- രൂപ നിരക്കിൽ തനത് ഫണ്ടിൽ നിന്ന് വിനിയോഗിക്കാവുന്നതാണ്.

കെട്ടിടങ്ങളെ സംബന്ധിച്ച് വിവര ശേഖരണത്തിന് സർക്കാർ നിർദ്ദേശ പ്രകാരമുള്ള നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ താത്കാലികമായി നിയമിക്കുന്നതിന് 29.4.23ലെ 7/1 തീരുമാന പ്രകാരം നിശ്ചയിച്ചിട്ടുണ്ട്. 25-5-23 തീയതിയിൽ ഉത്തരവ് പ്രകാരം SC1/2535/2023 ഉത്തരവ് പ്രകാരം ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുത്തിട്ടുണ്ട്. ആയതിൽ 8 വാർഡുകളിൽ വിവര ശേഖരണം ആരംഭിച്ചിട്ടുണ്ട്. വാർഡ് 5 വിവരശേഖരണം പൂർത്തികരിച്ചിട്ടുണ്ട്.

കെട്ടിടം പണിയുകയോ പുതുക്കി പണിയുകയോ മാറ്റം വരുത്തുകയോ ചെയ്തത് സംബന്ധിച്ച് കെട്ടിട ഉടമകൾ നല്കുന്ന അറിയിപ്പ് (ഫോറം 9ബി) 90 എണ്ണം അപേക്ഷകളാണ് ഗ്രാമപഞ്ചായത്തിൽ നിലവിൽ ലഭിച്ചിട്ടുള്ളത്.

5.വസ്തുനികുതിയിന്മേലുള്ള സേവന ഉപനികുതി ചുമത്തൽ

ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ ചട്ടപ്രകാരമുള്ള സേവന ഉപനികുതി വസ്തുനികുതിയോടൊപ്പം ഈടാക്കി തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യതയെപ്പറ്റി ഭരണസമിതിക്ക് തീരുമാനമെടുക്കാവുന്നതാണ്. വരുമാനം വർദ്ധിപ്പിക്കുന്നതിനായി ആയത് പരിഗണിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാൻ നല്കിയ ഓഡിറ്റ് അന്വേഷണം 2-5/09/23 ന് ഗ്രാമപഞ്ചായത്തിൽ നിലവിൽ സേവന ഉപനികുതി ഇല്ലാത്തതിനാൽ വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായി സേവനഉപനികുതി ഉൾപ്പെടുത്തുന്നതിനായി ഈ വിഷയം ഭരണസമിതി ചർച്ച ചെയ്യുകയും നിലവിലുള്ള പെർമിറ്റ് ഫീസ്, റെഗുലറൈസേഷൻ ഫീസ്, അപ്ലിക്കേഷൻ ഫീസ് എന്നിവയിലെ വർദ്ധനവ് പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കും എന്നതിനാൽ സേവന ഉപനികുതി ചുമത്തേണ്ടതില്ല

എന്ന തീരുമാനമെടുത്തതായി അറിയിച്ചിട്ടുണ്ട്.

22.03.2023 തീയതിയിലെ സ.ഉ.(കൈ)നം.77/2023/LSGD ഉത്തരവ് പാലിച്ചുകൊണ്ട് വസ്തുനികുതി പരിഷ്കരണനടപടികൾ പൂർത്തിയാക്കേണ്ടതാണ്.

1-12 ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് ഫീസ് ഈടാക്കുന്നത് ചട്ടപ്രകാരമല്ല

2022-23 വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ 4 പോൾട്രി ഫാമും 2 പന്നി ഫാമും, 1 കന്നുകാലി ഫാമും ഉൾപ്പെടെ 7 ലൈവ്സ്റ്റോക്ക് ഫാമുകൾക്കാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്.

2012ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം3ൽ ഉപചട്ടം 2 പ്രകാരം നൽകപ്പെടുന്ന ഓരോ ലൈസൻസിനും താഴെ പട്ടികയിൽ ചേർത്തിട്ടുള്ള പ്രകാരം ഫീസ് ഈടാക്കേണ്ടതാണ്.

| ക്രമ നമ്പർ | ഫാമിന്റെ തരം (ക്ളാസ്) | പോൾട്രി ഫാം ലൈസൻസ് ഫീസ് |
|---|---|---|
| 1 | I (101-250) | 100 |
| 2 | II (251-500) | 150 |
| 3 | III (501-1000) | 200 |
| 4 | IV (1001-5000) | 250 |
| 5 | V (5001-10000) | 350 |
| 6 | VI (10000ൽ കൂടുതൽ) | 500 |

2022-23 വർഷത്തെ പൗൾട്രി ഫാമിന് ലൈസൻസ് അനുവദിച്ചതിൽ ഈടാക്കിയ ലൈസൻസ് ഫീസ് ചട്ടത്തിൽ നിർദ്ദേശിച്ചതിനേക്കാൾ അധികമായാണ് ഈടാക്കിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ലൈസൻസ് നമ്പർ &തീയതി | ലൈസൻസിയുടെ പേര് | ഫാമിലെ പക്ഷികളുടെ എണ്ണം | ഈടാക്കിയ ലൈസൻസ് ഫീസ് | ഈടാക്കേണ്ട ലൈസൻസ് ഫീസ് |
|---|---|---|---|---|---|
| 1 | 2-2022-23 | ശ്രീ. ഇ.സി കുട്ടികൃഷ്ണൻ | 2000 | 300 | 250 |
| 2 | 6/2022-23 തീ 22.05.22 | ശ്രീ. പരമേശ്വരൻ.കെ | 2500 കോഴി | 500 | 250 |
| 3 | 7/2022-23 തീ 12.10.22 | ശ്രീ. എ.കെ സുരേഷ് | 4000 കോഴി | 500 | 250 |

ക്ലാസ് ii ന് (16 മുതൽ -50 പന്നികൾ വരെ ) വളർത്തുന്നതിന് ചട്ടം 7(3) പട്ടികയിലെ ഫീസ് 250/- രൂപയാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ക്ലാസ് ii ഉൾപ്പെട്ട പന്നി ഫാമിൽ നിന്നും ലൈസൻസ് ഫീ ഈടാക്കിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു

| ക്രമ | ലൈസൻസ് | ലൈസൻസിയുടെ | ഫാമിലെ | ഈടാക്കിയ | ഈടാക്കേണ്ട |
|---|---|---|---|---|---|

| നമ്പർ | നമ്പർ &തീയതി | പേര് | പന്നികളുടെ എണ്ണം | ലൈസൻസ് ഫീസ് | ലൈസൻസ് ഫീസ് |
|---|---|---|---|---|---|
| 1 | 1-2022-23 തീ 1.4.22 | ശ്രീ. റോജി തോമസ് | 38 | 500 | 250 |
| 2 | 4-2022-23 തീ 1.4.22 | ശ്രീ. കെവിൻ സിബി | 50 | 1000 | 250 |

ചട്ടപ്രകാരമല്ലാതെ ഫീസ് ഈടാക്കിയിട്ടുള്ളതിന്റെ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ടതിന് ( ഓഡിറ്റ് അന്വേഷണം 4/8-9-23) മുൻവർഷം ഫീസ് അടവാക്കിയത് പ്രകാരമാണ് തന്നാണ്ടും ഫീസ് ഈടാക്കുന്നതെന്നും പുതിയ ലൈസൻസ് ഫീസ് നിശ്ചയിക്കുന്നത് സ്ഥലപരിശോധന നടത്തിയും മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. സ്ഥലപരിശോധന വേളയിൽ ഫാമുകളിലെ പക്ഷികളുടെ/പന്നികളുടെ എണ്ണം അനുവദിച്ച ലൈസൻസിൽ പരാമർശിച്ചത് പോലെ ആണെങ്കിലും പിന്നീട് ആയതിന്റെ എണ്ണം വിപുലപ്പെടുത്തുവാനുള്ള സാധ്യത പരിഗണിച്ച് പഞ്ചായത്തിന് നഷ്ടം വരാത്ത രീതിയിലാണ് ലൈസൻസ് ഫീസ് ഈടാക്കിയതെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്.

പുതിയതായി തുടങ്ങുന്ന ലൈവ് സ്റ്റോക്ക് ഫാമുകൾക്കും ഓരോ സാമ്പത്തിക വർഷത്തേക്കും ലൈസൻസ് പുതുക്കുന്ന ഫാമുകൾക്കും ലൈസൻസ് അനുവദിക്കുമ്പോൾ 2012ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 7(3) പട്ടിക പ്രകാരമുള്ള ഫീസ് ഈടാക്കേണ്ടതാണ്.

### 1-13 തൊഴിൽ നികുതി രേഖകളുടെ പരിശോധനയിന്മേലുള്ള കണ്ടെത്തലുകൾ

തൊഴിൽ നികുതി ഈടാക്കിയത് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ തുടർ ഖണ്ഡികകളായി ചേർക്കുന്നു.

### 1-13-1 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, റിട്ടേൺസ് എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി 2022-23 സാമ്പത്തിക വർഷത്തിൽ ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും തുക ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള ക്രമ നമ്പർ | കാലയളവ് |
|---|---|---|---|
| 1 | പോസ്റ്റ്മാസ്റ്റർ, മംഗലം ഡാം | 4 | 1 & 2 |
| 2 | ജനറൽ മാനേജർ,ടെലികോം, പാലക്കാട് BSNL,വണ്ടാഴി | 14 | 1 & 2 |
| 3 | മാനേജർ, കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ, മുടപ്പല്ലൂർ | 25 | 2 |
| 4 | മാനേജർ, മുത്തൂറ്റ് ഫിൻ | 29 | 1 |

| | | | |
|---|---|---|---|
| | കോർപ്പ്, വണ്ടാഴി | | |
| 5 | സെക്രട്ടറി, ക്ഷീരോൽപാദക സഹകരണ സംഘം, നെല്ലിക്കോട് | 39 | 1 |
| 6 | സെക്രട്ടറി, ക്ഷീരോൽപാദക സഹകരണ സംഘം, പന്തപറമ്പ് | 42 | 1 |
| 7 | മാനേജർ, കോട്ടൂർ എസ്റ്റേറ്റ്, ഒലിങ്കടവ് | 44 | 1 |
| 8 | മാനേജർ, ഫാഷംസ് എസ്റ്റേറ്റ്,ഒലിങ്കടവ് | 56 | 2 |
| 9 | C.V.M H.S.S, വണ്ടാഴി | 57 | 1 |
| 10 | മാനേജർ, ടി.എം.ടി ഗ്രാനൈറ്റ് | 60 | 1 |
| 11 | പമ്പ് ഓപ്പറേറ്റമാർ മോഹൻദാസ്, രാജേഷ്, മുരളീധരൻ,ശ്രീജിത്ത് | 62 | 2 |
| 12 | സുരേഷ് ബാബു, ഡ്രൈവർ | 63 | 2 |
| 13 | പനഞ്ചക്കര സൊസൈറ്റി, മുടപ്പല്ലർ | 68 | 1 & 2 |
| 14 | അബ്ദുൾ ഫഹദ്, ടെക്നിക്കൽ അസിസ്റ്റന്റ് | 67 | 2 |
| 15 | ഹെൽത്ത് വിഷൻ സെന്റർ | 71 | 1 & 2 |
| 16 | KNRC | 78 | 1 & 2 |
| 17 | പാപ്പച്ചൻ സോമിൽ | 79 | 1 & 2 |
| 18 | അക്ഷര, പ്രോജക്ട് അസിസ്റ്റന്റ് | 81 | 2 |

ഡിമാന്റ് കണക്കാക്കിയതിൽ മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഉൾപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാൻ ആവശ്യപ്പെട്ട ഓഡിറ്റ് അന്വേഷണം 7- 11-9-23 ന്
ക്രമ നമ്പർ 3ൽ സൂചിപ്പിച്ച സ്ഥാപനം സെപ്റ്റംബർ 2022 മുതൽ വണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ പരിധിയിലല്ല പ്രവർത്തിക്കുന്നതെന്ന മറുപടിയാണ് നല്കിയിട്ടുള്ളത്.

ഈ സ്ഥാപനം 1-ാം അർദ്ധ വർഷത്തിൽ വണ്ടാഴി ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചിട്ടുള്ളതിനാൽ ടി സ്ഥാപനത്തിലെ ജീവനക്കാരുടെ 1-ാം അർദ്ധ വർഷത്തെ തൊഴിൽ നികുതി അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്. 4,5,7,8,9,16 ഉൾപ്പെട്ട സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയ രശീതി ഹാജരാക്കിയെങ്കിലും റിട്ടേണുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ വരുമാന പരിധിക്കനുസൃതമായാണോ തൊഴിൽ നികുതി ഈടാക്കിയതെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. റിട്ടേണുകൾ പരിശോധിച്ച് ഉറപ്പാക്കി തൊഴിൽ നികുതി ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

വാർഷിക കണക്കും തൊഴിൽ നികുതി രജിസ്റ്ററിലെ രേഖപ്പെടുത്തലും തമ്മിലുള്ള വ്യത്യാസത്തിന്

വിശദീകരണം നൽകാൻ ആവശ്യപ്പെട്ടതിന് (ഓഡിറ്റ് അന്വേഷണം 7- 11-9-23 ) സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി മുഴുവനും ഡിമാന്റിൽ ഉൾപ്പെടാത്തതിനാൽ വാർഷിക കണക്കിലും ഡിമാന്റ് രജിസ്റ്ററിലെ ഡിമാന്റും വ്യത്യാസമുണ്ടെന്നും തൊഴിൽ നികുതി അടവാക്കാത്ത മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി അറിയിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്

1-13-2 ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് കൃത്യമല്ല

ഇൻകം & എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം Prof. Tax Employees (110200102 ) - 11,64,130/- രൂപയാണ്. എന്നാൽ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം 11,60,660/-രൂപയാണ് ഡിമാന്റായി രേഖപ്പെടുത്തിയിട്ടുള്ളത്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണം 7- 11-9-23 നുള്ള മറുപടിയിൽ മേൽ സൂചിപ്പിച്ച ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ ആകെ ഡിമാന്റ് 1177477/- രൂപയാണെന്ന് അറിച്ചിട്ടുണ്ട്. കൃത്യമായ ഡിമാന്റ് തുക വാർഷിക കണക്കിൽ ചേർക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-13-3 ജീവനക്കാരുടെ തൊഴിൽ നികുതി തൻവർഷ വരവ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

വാർഷിക കണക്കു പ്രകാരം കളക്ഷൻ (Rp 1) 11,60,660/- രൂപയാണ്. എന്നാൽ രജിസ്റ്റർ പ്രകാരം കളക്ഷൻ 1st Half 551900/-രൂപയും 2nd Half 593270/- രൂപയുമാണ്. ആകെ 11,45,170/-രൂപയാണ് വരവ് രേഖപ്പെടുത്തിയിട്ടുള്ളത്. രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തത്തിൽ ബാലൻസ് 0 എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

മേൽ വ്യത്യാസത്തിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ടതിന് (ഓഡിറ്റ് അന്വേഷണം 7- 11-9-23 ) തൊഴിൽ നികുതി അടവാക്കാത്ത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി അറിയിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

1-14 കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്- ഡിമാന്റ് കൃത്യമാക്കി കുടിശ്ശിക ഈടാക്കാൻ അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടില്ല

താഴെ പറയുന്ന 4 കുടിവെള്ള പദ്ധതികളാണ് ഗ്രാമപഞ്ചായത്ത് നേരിട്ട് നടത്തി വരുന്നത്.

1.വളയൽ കുടിവെള്ള പദ്ധതി

2.പുളിക്കൽ പറമ്പ് കുടിവെള്ള പദ്ധതി

3.മാത്തൂർ കുടിവെള്ള പദ്ധതി

4.വടക്കേപുഴ കുടിവെള്ള പദ്ധതി

മേൽ പദ്ധതികളുടെ കീഴിൽ ഗാർഹിക കണക്ഷനുകളും ഗാർഹികേതര കണക്ഷനുകളും ഉണ്ട്. ഗാർഹിക ഉപഭോക്താക്കൾക്ക് 20000 ലിറ്റർ വരെ പ്രതിമാസം 100 രൂപയും ഗാർഹികേതര ഉപഭോക്താക്കൾക്ക് 200 രൂപയും നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. 20000 ലിറ്ററിന് പുറമേയുള്ള ഓരോ ലിറ്ററിനും യഥാക്രമം 10 രൂപ, 20 രൂപ നിരക്കും നിശ്ചയിച്ചിട്ടുണ്ട്. ഫൈൻ ആയി പ്രതിമാസം 5/- രൂപയാണ് നിലവിൽ ഈടാക്കി വരുന്നത്. പുതിയ കണക്ഷനുകൾ നിലവിൽ നൽകിയിട്ടില്ല.

ഡിമാന്റ് രജിസ്റ്റർ പ്രകാരം 738 ഗാർഹിക കണക്ഷനും 16 ഗാർഹികേതര കണക്ഷനുമാണ് ഉള്ളത്.

വാട്ടർ ചാർജ് ഇനത്തിലെ അപാകതകൾ ഉപഖണ്ഡികളായി ചേർക്കുന്നു.

1-14-1 വാർഷിക ധനകാര്യ പത്രികയിലും വാട്ടർ ചാർജ് ഡിമാന്റ് രജിസ്റ്ററിലും ഡിമാന്റും കളക്ഷനും വ്യത്യാസം

വാർഷിക കണക്കിലെ ഇൻകം &എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ (I-4 കോഡ്-140500101) 43,580

രൂപയാണ് ഡിമാന്റ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഡിമാന്റ് രജിസ്റ്ററിൽ തൻവർഷ ഡിമാന്റായി രേഖപ്പെടുത്തിയത് 910300/-രൂപയാണ്.

2. സെക്ഷൻ ലഭ്യമാക്കിയ കണക്ഷനുകളുടെ എണ്ണം കണക്കിലെടുത്താൽ പ്രതിവർഷം ഗാർഹിക കണക്ഷന് 738x100x12 = 885600 രൂപയും ഗാർഹികേതര കണക്ഷന് 16x200x12=38400 രൂപയും കൂടെ ആകെ 924000/- രൂപയാണ് വാട്ടർ ചാർജ് ഇനത്തിൽ ഡിമാന്റ് ചെയ്യേണ്ടിയിരുന്നത്.

വാർഷിക കണക്കിൽ RP 45 പ്രകാരം തൻവർഷ കളക്ഷൻ- 3,38,800 /- രൂപയും കുടിശ്ശികയിനത്തിൽ 218938/ രൂപയുമാണ്.

ഡിമാന്റ് രജിസ്റ്ററിലെ രേഖപ്പെടുത്തൽ പ്രകാരം തൻവർഷ കളക്ഷൻ- 3,38,900 രൂപയാണ്. 2023 ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിൽ കളക്ഷനുകൾ ഭാഗികമായി ചേർത്താണ് വാർഷിക സംക്ഷിപ്തം തയ്യാറാക്കിയിട്ടുള്ളത് . ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണം 8-12.9.23 ന് വാട്ടർ ചാർജ് ഇനത്തിലെ ഡിമാന്റ് ,കളക്ഷൻ കൃത്യമാക്കി അറിയിക്കുന്നതാണ് എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്.
ഡിമാന്റ് കൃത്യമാക്കി കുടിശ്ശിക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

## 1-14-2 കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല

2021-22 ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-15 പ്രകാരം 14,17,800 രൂപ മുൻവർഷങ്ങളിലെ കുടിശ്ശിക

ഇനത്തിലും 558200/- രൂപയും തൻവർഷത്തെയും ഈടാക്കാനവശേഷിക്കുന്നുണ്ട്. ആയത് പ്രകാരം 2021-22 വർഷാവസാനത്തെ വാട്ടർ ചാർജ് ഇനത്തിൽ ആകെ കുടിശ്ശിക 1976000/- രൂപയാണ്.

2022-23 Rp-45 പ്രകാരം (ശീർഷകം 431300202) കുടിശ്ശികയിനത്തിലെ വരവ് 218938/-രൂപയാണ്. ആയത് പ്രകാരം1757062/- രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നത് ബാലൻസ് ഷീറ്റിൽ 1198862/-രൂപ എന്നാണ് തെറ്റായി രേഖപ്പെടുത്തിയിട്ടുള്ളത് (B-15 ( ഹെഡ് 431300202) പ്രകാരം)

കുടിവെള്ള പദ്ധതികളുടെ വരവ് കൃത്യമാക്കി ഓഡിറ്റിന് സമർപ്പിക്കുന്നതാണ്.

എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്.

വാട്ടർ ചാർജ് ഡിമാന്റ് രജിസ്റ്റർ കൃത്യമാക്കി അരിയർ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി കുടിശ്ശിക സഹിതം തുക പൂർണ്ണമായി പിരിച്ചെടുക്കേണ്ടതാണ്. തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-15 കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ഗ്രാമപഞ്ചായത്തിന്സാമ്പത്തിക ബാധ്യതയാകുന്നു

ഗ്രാമപഞ്ചായത്തിലെ നാല് കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനായി 2022-23 വർഷത്തിൽ ചുവടെ ചേർക്കുന്ന പ്രകാരം ആകെ 1813017 രൂപ ചെലവഴിച്ചിട്ടുണ്ട്.

| ഇനം | തുക |
|---|---|
| വൈദ്യുത ചാർജ് | 959818 |
| പമ്പ് ഓപ്പറേറ്റർമാരുടെ വേതനം | 208800 |
| വാർഷിക മെയിന്റനൻസ് | 644399 |
| ആകെ | 1813017 |

വാർഷിക കണക്കിലെ രേഖപ്പെടുത്തൽ പ്രകാരം തൻ വർഷത്തെ ഡിമാൻഡ് 910300 രൂപയാണ്. ആയതിലെ 3,38,800 രൂപ മാത്രമാണ് പിരിച്ചെടുത്തിട്ടുള്ളത്. ആയത് പ്രകാരം 571500 രൂപ തൻവർഷത്തെ മാത്രംകുടിശ്ശികയാണ്.
വാർഷിക കണക്ക് പ്രകാരം 2021-22 വർഷത്തെ വാട്ടർ ചാർജ് ഇനത്തിലെ ആകെ കുടിശ്ശിക 1976000 രൂപയായിരുന്നു.2022-23 ൽ കുടിശ്ശികയിനത്തിലെ വരവ് 218938/-രൂപ മാത്രമാണ്. 2022-23 ലെ തൻവർഷ കുടിശ്ശിക തുകയും ചേർത്ത് 2022-23 വർഷാവസാനത്തിലെ ആകെ കുടിശ്ശിക 23,28,562

രൂപയാണ് (1976000-218938+571500). ഭീമമായ കുടിശ്ശിക പിരിച്ചെടുക്കാനുള്ള ക്രിയാത്മകമായ നടപടികൾ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. കുടിവെള്ള പദ്ധതികളുടെ വരവും ചെലവും തമ്മിലുള്ള അന്തരം ഗ്രാമപഞ്ചായത്തിന് സാമ്പത്തിക ബാധ്യത ആകുന്ന അവസ്ഥയാണുള്ളത്. അരിയർ ഡിമാൻഡ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. വാർഷിക കണക്കിലും കൃത്യമായ തുക രേഖപ്പെടുത്തിയതായി കാണുന്നില്ല. (അപാകത സംബന്ധിച്ച് മുൻഖണ്ഡികയിൽ ചേർത്തിട്ടുണ്ട്).കുടിശ്ശിക വരുത്തിയവർക്ക് നോട്ടീസ് അയക്കുകയോ മറ്റ് നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.(ഓഡിറ്റ് അന്വേഷണം നം. 8/12.9.23)

ജൽ ജീവൻ മിഷൻ പദ്ധതി ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കി വരുന്നുണ്ട്. ഈ സാഹചര്യത്തിൽ മേൽ കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ഗ്രാമപഞ്ചായത്ത് ചുമതലയിൽ നിന്നും ഒഴിവാക്കുന്നതിനും കുടിശ്ശിക ഇനത്തിലെ അവശേഷിക്കുന്ന തുക ഊർജ്ജിതമായി പിരിച്ചെടുത്ത് തനത്ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിനുമുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-16 പ്രോജക്ടിന് അംഗീകാരം ലഭിക്കാതെ തുക ചെലവഴിച്ചു

| | |
|---|---|
| പ്രോജക്ട് നം. | 233/23 (ലാബ് റീഏജന്റ്സ് വാങ്ങൽ) |
| നിർവഹണ ഉദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ (PHC) |
| അടങ്കൽ | 75000/- മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| ചെലവ് | 34995/- മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| ബിൽ നം/ തീയതി | 1) 14/15.11.2022, 20754/-<br>2) 21/17.01.2023, 4189/-<br>3) 30/04.03.2023, 10052/- |

2022-23 വർഷത്തിൽ വണ്ടാഴി പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലേയ്ക്ക് എക്സൽ എന്റർപ്രൈസസ്, ചക്കാന്തറ, പാലക്കാട് എന്ന സ്ഥാപനത്തിൽ നിന്നും ലാബ് റീഏജന്റ്സ് വാങ്ങുന്നതിനായി 34995/- രൂപ ചെലവഴിക്കുകയും അവ ലഭ്യമാകുകയും ചെയ്തിട്ടുണ്ട്.

എന്നാൽ ടി പ്രോജക്ട് 2022-23 വർഷത്തെ ചെലവു പത്രികയിലും തൻവർഷം അംഗീകാരം ലഭ്യമായ പ്രോജക്ടുകളുടെ ലിസ്റ്റിലും ഉൾപ്പെട്ടിട്ടില്ല. 14-ാം പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി, വെറ്റിങ്ങ് ഓഫീസറുടെ അംഗീകാരം ഇല്ലാതെ തുക ചെലവഴിച്ചതിനുള്ള കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.29/14.09.2023 ) മറുപടി ലഭ്യമായില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്. മാർഗ്ഗരേഖ പാലിച്ചും വെറ്റിങ്ങ് ഓഫീസറുടെ അംഗീകാരം ലഭ്യമായതിനു ശേഷവും മാത്രം പ്രോജക്ടുകൾ നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-17 എ.ബി.സി പ്രോഗ്രാം വിനിയോഗ വിവരം ഹാജരാക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് നം. | 214/23 (തെരുവു നായ്ക്കളുടെ പ്രജനന നിയന്ത്രണ പദ്ധതിയ്ക്ക് വിഹിതം നൽകൽ) |
| നിർവഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| അടങ്കൽ | 350000/- (വികസനഫണ്ട്-ജനറൽ) |

| | |
|---|---|
| ചെലവ് | 350000/- (വികസനഫണ്ട്-ജനറൽ) |
| ബിൽ നം/ തിയതി | 1/08.12.2022, ₹.350000/- |

2022-23 വർഷത്തിൽ തെരുവുനായ്ക്കളുടെ പ്രജനന നിയന്ത്രണത്തിനായിട്ടുള്ള എ.ബി.സി പ്രോഗ്രാമിന്റെ ഭാഗമായി 350000/- രൂപ പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് (അക്കൗണ്ട് നം.79901140000220) നൽകിയിട്ടുണ്ട്. തുക വിനിയോഗിച്ചതിന്റെ വിവരം ഫയലിൽ ലഭ്യമല്ല.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.14/13.09.2023 ) മറുപടി ലഭിച്ചിട്ടില്ല.

ടി തുകയുടെ വിനിയോഗ വിവരം ഹാജരാക്കേണ്ടതാണ്.

## 1-18 കോക്ലിയർ ഇംപ്ലാന്റേഷൻ- രേഖകൾ ഹാജരാക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്റ്റ് നം. | 258/23 (കോക്ലിയർ ഇംപ്ലാന്റേഷൻ) |
| നിർവഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ | 200000/- വികസനഫണ്ട്(ജനറൽ) |
| ചെലവ് | 150000/- വികസനഫണ്ട്(ജനറൽ) |
| ബിൽ നം/ തീയതി | 30/23.03.2023, 150000/- |

വണ്ടാഴി ഗ്രാമപഞ്ചായത്തിലെ ശ്രവണ വൈകല്യമുള്ള 3 ഗുണഭോക്താക്കൾക്ക്, കോക്ലിയർ ഇംപ്ലാന്റേഷൻ നടത്തുന്നതിനായി ഒരാൾക്ക് 50000/- രൂപ എന്ന നിരക്കിൽ 150000/- രൂപ കേരള സോഷ്യൽ സെക്യൂരിറ്റി മിഷന്റെ 701011400000134 എന്ന ട്രഷറി അക്കൗണ്ടിലേയ്ക്ക് നൽകിയിട്ടുണ്ട്. വണ്ടാഴി ഗ്രാമപഞ്ചായത്ത് അംഗീകരിച്ച 29.11.2022-ലെ 6(1) നമ്പർ തീരുമാന പ്രകാരമുള്ള 1)സഞ്ജയ്, S/o.കണ്ണൻ, പന്നാംകോട്, വണ്ടാഴി 2)സഞ്ജന, S/o.കണ്ണൻ, പന്നാംകോട്, വണ്ടാഴി 3) ഇവാൻ സഞ്ജു, S/o.സഞ്ജു സെബാസ്റ്റ്യൻ, പന്തലാനിക്കൽ, വണ്ടാഴി എന്ന ഗുണഭോക്താക്കൾക്ക് കോക്ലിയർ ഇംപ്ലാന്റേഷനുള്ള തുകയാണ് സോഷ്യൽ സെക്യൂരിറ്റി മിഷന് അനുവദിച്ചിട്ടുള്ളത്.

സോഷ്യൽ സെക്യൂരിറ്റി മിഷനിൽ നിന്നും 150000/- രൂപ വിനിയോഗിച്ചതിന്റെ വിവരം, ഗുണഭോക്താക്കൾക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ നടത്തിയതിന്റെ വിവരം എന്നിവ ഫയലിൽ ലഭ്യമല്ല.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.15/13.09.2023) മറുപടി ലഭിച്ചില്ല.

സോഷ്യൽ സെക്യൂരിറ്റി മിഷനിൽ നിന്നും 150000/- രൂപ വിനിയോഗിച്ചതിന്റെ വിവരം, ഗുണഭോക്താക്കൾക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ നടത്തിയതിന്റെ വിവരം എന്നിവ ഹാജരാക്കേണ്ടതാണ്.

## 1-19 ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ നൽകൽ- അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നം. | 80/23 (ഭിന്നശേഷിക്കാർക്ക് മെഡിക്കൽ ക്യാമ്പും ഉപകരണങ്ങൾ വാങ്ങി നൽകലും- SO) |
| നിർവഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ | 517476/- വികസനഫണ്ട്(ജനറൽ) |
| ചെലവ് | 507245/- വികസനഫണ്ട്(ജനറൽ) |

| | |
|---|---|
| ബിൽ നം/ തീയതി | 11/12.10.2022, 465418/-<br>35/28.03.2023, 41827/- |

വണ്ടാഴി ഗ്രാമപഞ്ചായത്തിലുള്ള 25 ഭിന്നശേഷിക്കാർക്കായി 2021-22 വർഷത്തിൽ (15.12.2021-ന്) മെഡിക്കൽ ക്യാമ്പ് നടത്തുകയും ഉപകരണങ്ങൾ കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ മുഖേന (ഇൻവോയ്സ് നം.148/21-22, തീയതി.27.02.2022) വാങ്ങുകയും 2022-23 വർഷത്തിൽ ഉപകരണങ്ങൾക്കുള്ള വില സ്ഥാപനത്തിന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ലഭ്യമായ ഉപകരണങ്ങൾ സ്റ്റോക്കിലെടുക്കാതെ നേരിട്ട് ഗുണഭോക്താക്കൾക്ക് നൽകുകയാണ് ചെയ്തിട്ടുള്ളത്.

ഇതു സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

ഉപകരണങ്ങൾ ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധിച്ചതിൽ ഇൻവോയ്സ് നം.148/21-22, തീയതി.27.02.2022പ്രകാരം ലഭ്യമായ മുഴുവൻ ഉപകരണങ്ങളും വിതരണം ചെയ്തതായി കാണുന്നില്ല. ഗുണഭോക്താക്കൾക്ക് ആവശ്യമായ ഉപകരണങ്ങളുടെ വിവരങ്ങൾ അടങ്ങിയ ഡോക്ടർ സാക്ഷ്യപ്പെടുത്തി നൽകിയ ലിസ്റ്റ് പ്രകാരമുള്ളതിനേക്കാൾ കൂടുതൽ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഉപകരണത്തിന്റെ പേര് | വാങ്ങിയത് | വിതരണം ചെയ്തത് | ബാക്കിയുള്ളത് | ഒരെണ്ണത്തിന്റെ വില |
|---|---|---|---|---|
| AFO | 8 | 4 | 4 | 907+5% GST |
| Auxilary Crutches Delux | 4 | 2 | 2 | 774+5% GST |
| Elbow Crutches Delux | 6 | 3 | 3 | 670+ 5% GST |
| Hi-Tech Knee Cap | 2 | 1 | 1 | 4085+ 5% GST |
| Leg Gaitor | 8 | 4 | 4 | 1509+ 5% GST |
| Symes Prosthesis | 2 | 1 | 1 | 4909+ 5% GST |
| Therapy Mat Medium | 18 | 17 | 1 | 4682 + 12% GST |
| Walking Stick Delux | 6 | 2 | 4 | 549+ 5% GST |

ആവശ്യകത നിർണ്ണയിക്കാതെ ഉപകരണങ്ങൾ വാങ്ങിയതിനും വിതരണം ചെയ്യാത്ത ഉപകരണങ്ങളുടെ നിലവിലെ സ്ഥിതിയും അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട്

ഓഡിറ്റ് അന്വേഷണത്തിന് (നം.18/13.09.2023) മറുപടി ലഭിച്ചില്ല.

വിതരണം ചെയ്യാത്ത ഉപകരണങ്ങളുടെ നിലവിലെ സ്ഥിതി അറിയിക്കുന്നതു വരെ ചെലവ് തുകയായ 507245/- രൂപ തടസ്സപ്പെടുത്തുന്നു.

1-20 ഗോത്രസാരഥി പദ്ധതി- രേഖകൾ ഹാജരാക്കിയില്ല

1) പ്രോജക്റ്റ് നം.77/23
(ഗോത്രസാരഥി പദ്ധതി- SO)

അടങ്കൽ - 68162/- (വികസനഫണ്ട്- ടി.എസ്.പി)

| |
|---|
| ചെലവ് - 68162/- (വികസനഫണ്ട്- ടി.എസ്.പി)<br>ബിൽ നം /തീയതി. 1) 1/16.05.2022, 38950/-<br>2) 10/24.03.2023, 29212/- |
| 2) പ്രോജക്ട് നം.227/23( ഗോത്രസാരഥി പദ്ധതി)<br>അടങ്കൽ - 478000/- (വികസനഫണ്ട്- ടി.എസ്.പി)<br>ചെലവ് - 268238/- (വികസനഫണ്ട്- ടി.എസ്.പി)<br>ബിൽ നം /തീയതി. 1) 2/12.12.2022, 198900/-<br>2) 9/24.03.2023, 69338/- |

വിദൂരവും ദുർഘടവുമായ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ നിന്ന് വിദ്യാർത്ഥികളെ സ്കൂളിൽ എത്തിക്കുന്നതിന് പട്ടികവർഗ്ഗ വകുപ്പ് നടപ്പാക്കുന്ന പദ്ധതിയാണ് ഗോത്രസാരഥി. സ.ഉ(സാധാ) നം.725/2020/തസ്വഭവ തി.01-04-2020 പ്രകാരം ഗോത്രസാരഥി പദ്ധതി നടത്തിപ്പിനായി ഗ്രാമപഞ്ചായത്തുകൾക്ക് ടി.എസ്.പി പദ്ധതിയിലുൾപ്പെടുത്തി പ്രോജക്ട് തയ്യാറാക്കാൻ അനുമതി നൽകി ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ള പ്രോജക്ടുകൾ മുഖേന വണ്ടാഴി ഗ്രാമപഞ്ചായത്തിലെ തളികക്കല്ല് ആദിവാസി കോളനിയിലെ കുട്ടികളെ വീട്ടിൽ നിന്നും സ്കൂളിലേക്കും തിരിച്ചും എത്തിക്കുന്നതിന് വാഹന സൗകര്യം ഏർപ്പെടുത്തുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

വാഹനം ഏർപ്പെടുത്തുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചതിൽ 3 ക്വട്ടേഷനുകൾ ലഭ്യമായിട്ടുണ്ട്. കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത രതീഷ്, മംഗലം ഡാം എന്ന വ്യക്തിയുടെ ക്വട്ടേഷനാണ് അംഗീകരിച്ചിട്ടുള്ളത്. പ്രതിമാസം 40950/- രൂപയാണ് അംഗീകരിച്ച നിരക്ക്. പ്രസ്തുത വ്യക്തിയുമായി 03-06-2022 ന് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

ഇതു സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ കണ്ട വസ്തുതകൾ താഴെ ചേർക്കുന്നു.

1) 2022 ജൂൺ മുതൽ 2023 ഫെബ്രുവരി വരെയുള്ള കാലയളവിൽ 13വിദ്യാർത്ഥികളെ സ്കൂളിൽ എത്തിച്ചതിന്റെ വാടക താഴെ പറയും പ്രകാരം അനുവദിച്ചു നൽകിയിട്ടുണ്ട്.

| മാസം | നൽകിയ തുക | ബിൽ നം. |
|---|---|---|
| 06/2022 To 11/2022 | 198900/- | 2/ 12.12.2022 |
| 12/2022 2/23 | 69338/- | 9/24.03.2023 |
| 12/2022 2/23 | 29212 | 10/24.03.2023 |
| ആകെ | 297450 | |

2022 ഫെബ്രുവരി വരെയുള്ള വാഹനവാടക 2021-22 വർഷത്തിൽ അനുവദിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) ബിൽ നം.1/16.05.2022 പ്രകാരം ചെലവഴിച്ച 38950/- രൂപയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

2) ഗോത്രസാരഥി പദ്ധതിയുടെ മേൽനോട്ടം ബന്ധപ്പെട്ട ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ നടത്തിയതായി കാണുന്നില്ല.

3) ഗോത്രസാരഥി പദ്ധതിയുടെ ഗുണഭോക്താക്കളായ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിശദ വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

4) പട്ടികവർഗ്ഗ പ്രൊമോട്ടർമാർ എല്ലാ മാസവും സ്കൂൾ സന്ദർശിക്കേണ്ടതും മോണിറ്ററിങ്ങ് റിപ്പോർട്ട് തയ്യാറാക്കേണ്ടതുമാണ്. എന്നാൽ മോണിറ്ററിങ്ങ് നടത്തിയതായി കാണുന്നില്ല.

5) ഗോത്രസാരഥി പദ്ധതിയുടെ ഗുണഭോക്താക്കളായ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വണ്ടാഴി ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് ഹാജരാക്കിയില്ല.
ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.19/13.09.2023) മറുപടി ലഭിച്ചില്ല.

ഗോത്രസാരഥി പദ്ധതിയുടെ മേൽനോട്ടം ബന്ധപ്പെട്ട ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ നടത്തിയതിന്റെ രേഖകൾ, ഗുണഭോക്താക്കളായ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വണ്ടാഴി ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ്, പട്ടികവർഗ്ഗ പ്രൊമോട്ടർമാരുടെ മോണിറ്ററിങ്ങ് റിപ്പോർട്ട് എന്നിവ ഹാജരാക്കേണ്ടതാണ്.
38950/- രൂപയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ ടി തുക തടസ്സപ്പെടുത്തുന്നു.

1-21 പകർച്ചവ്യാധി പ്രതിരോധ മരുന്നുകൾ - ഉപയോഗിക്കുന്നില്ല

| | |
|---|---|
| പ്രോജക്ട് നം. | 47/23 (പകർച്ചവ്യാധി പ്രതിരോധ മരുന്നുകൾ വാങ്ങൽ) |
| നിർവഹണ ഉദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ (ആയുർവേദം) |
| അടങ്കൽ | 125000/- മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| ചെലവ് | 125000/- മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| ബിൽ നം/ തീയതി | 31/26.09.2022, 125000/- |

2022-23 വർഷത്തെ പകർച്ചവ്യാധി രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി 125000/- രൂപ ഔഷധി എന്ന സ്ഥാപനത്തിന് നൽകുയും ഇൻവോയ്സ് നം.90273651/30.09.2022, 96850/-, 90277094/30.10.2022, 26862/-, 90281055/30.11.2022 1288/- എന്നിവ പ്രകാരം മുഴുവൻ മരുന്നുകളും ലഭ്യമാവുകയും ചെയ്തിട്ടുണ്ട്.

സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ പല മരുന്നുകളും ഉപയോഗപ്പെടുത്തിയിട്ടില്ല എന്നാണ് കാണുന്നത്. ഉപയോഗിക്കാത്ത മരുന്നുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മരുന്നിന്റെ പേര് | എണ്ണം |
|---|---|
| കുടജാരിഷ്ടം 450ml | 20 B |
| അഗസ്ത്യരസായനം 200gm | 50 B |
| കൂശമണ്ഡരസായനം 200gm | 30 B |
| ച്യവനപ്രാശം 200gm | 30 B |
| വരാചൂർണ്ണം 50gm | 34 Pkt |
| വില്യാദി ലേഹ്യം 200gm | 50 B |
| ഇന്ദുകാന്തം KC 100gm | 138 Pkt |
| ദശമൂലകടുത്രയ KSC 50gm | 100 Pkt |
| ബേൺക്യൂർ ഓയിൻമെന്റ് 25gm | 20 Nos |
| വാശാരിഷ്ടം 450ml | 50 B |
| അമൃതാരിഷ്ടം 450ml | 50 B |

| | |
|---|---|
| ഔഷധി കഫ്സിറപ്പ് 100ml | 100 B |
| കൊന്നയിലകടുകാദിലേപം 25gm | 50 Nos |

മേൽപ്പറഞ്ഞ മരുന്നുകൾ ഒന്നും തന്നെ നാളിതുവരെയായിട്ടും ഉപയോഗിച്ചു തുടങ്ങിയിട്ടില്ല. ആവശ്യം പരിഗണിക്കാതെ മരുന്നു വാങ്ങിയതിനും പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി തുടർ വർഷങ്ങളിലും മേൽപ്പറഞ്ഞ മരുന്നുകൾ വാങ്ങുന്നതിനായി തുക ചെലവഴിച്ചിട്ടുണ്ടോ എന്നതിന്റെ വിവരങ്ങളും അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.17/13.09.2023) മറുപടി ലഭിച്ചില്ല.

ആവശ്യം പരിഗണിച്ചു മാത്രം മരുന്നുകൾ വാങ്ങുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-22 ലൈഫ് - ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

വി.ഇ.ഒ നിർവഹണ ഉദ്യോഗസ്ഥനായി മുൻവർഷങ്ങളിൽ നടപ്പാക്കിയ ലൈഫ് ഭവനനിർമ്മാണ പദ്ധതിയിൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെയായിട്ടും ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേരും വിലാസവും | ലൈഫ് ഐ.ഡി | ആദ്യ ഗഡു അനുവദിച്ചത് | ആകെ അനുവദിച്ച തുക |
|---|---|---|---|
| തങ്കമണി, W/o.മോഹനൻ, പയ്യറോഡ്, മുടപ്പല്ലൂർ | 790760 | 17.06.2020 | 360000/- |
| ചന്ദ്രിക, നെല്ലിക്കോട്, വണ്ടാഴി | 932277 | 22.03.2021 | 360000/- |
| പ്രേമ, D/o.പിച്ച, കിഴക്കേപാറയ്ക്കൽ, മുടപ്പല്ലൂർ | 871971 | 15.11.2018 | 380000/- |
| അഹല്യമോൾ, W/o.ഷിബു, ചേപ്പാടം, മാത്തൂർ | 816144 | 15.11.2018 | 360000/- |
| കുഞ്ചു.കെ, W/o.മണി, കുണ്ടുകാട്, വണ്ടാഴി | 848876 | 29.08.2018 | 360000/- |

ഭവന നിർമ്മാണം നാളിതുവരെയായിട്ടും പൂർത്തിയാക്കാത്തതിനാൽ, മേൽ ഗുണഭോക്താക്കൾക്ക് അനുവദിച്ച തുക തിരിച്ചടപ്പിക്കുന്നതിനായി/ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ അറിയിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.20/13.09.2023) മറുപടി ലഭിച്ചില്ല.

മേൽ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 വീട് വാസയോഗ്യമാക്കൽ- തുക അധികം നൽകി

| | |
|---|---|
| പ്രോജക്ട് നം. | 73/23 (വീട് വാസയോഗ്യമാക്കൽ- എസ്സ്.സി- സ്പിൽഓവർ) |

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ സർക്കിൾ I |
| അടങ്കൽ | 1895000/- (വികസനഫണ്ട്-SCP) |
| ചെലവ് | 1890000/- (വികസനഫണ്ട്-SCP) |

2021-22-ലെ വീട് വാസയോഗ്യമാക്കൽ (പട്ടികജാതി വിഭാഗം) പ്രോജക്ട് പ്രകാരം വീട് പണി പൂർത്തിയാക്കാത്ത ഗുണഭോക്താക്കൾക്ക തൻവർഷം പണി പൂർത്തിയാക്കുന്നതിന്റെ അടിസ്ഥാനത്തിൽ തുക അനുവദിച്ച നൽകുക എന്നതാണ് പദ്ധതി. ഒരു ഗുണഭോക്താവിന് പരമാവധി 60000/- രൂപയാണ് വകയിരുത്തിയിരിക്കുന്നത്. 2021-22 വർഷത്തിൽ അനുവദിച്ചതിന്റെ ബാക്കിയുള്ള തുക വീട് പണി പൂർത്തിയാക്കിയ ഗുണഭോക്താക്കൾക്ക തൻവർഷം നൽകിയിട്ടുണ്ട്.

ഇതു സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ ഓമന, പയ്യാറോഡ് എന്ന ഗുണഭോക്താവിന് 2021-22 വർഷത്തിൽ വീട് വാസയോഗ്യമാക്കൽ പ്രോജക്ടിന്റെ ഭാഗമായി 60000/- രൂപയും 2022-23 വർഷത്തിൽ ഇതേ പ്രോജക്ടിന്റെ ഭാഗമായി 30000/- രൂപയും ഉൾപ്പെടെ 90000/- രൂപ (A/c No.350210100 6209) നൽകിയിട്ടുണ്ട്. നൽകിയ തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

2021-22

| UTR നം/ തീയതി | നൽകിയ തുക |
|---|---|
| RBI338218668 3712, 03/12/2021 | 30000 |
| RBI088227723 1047, 26.03.2022 | 30000 |

2022-23

| ബിൽ നം/ തീയതി, തുക | നൽകിയ തുക |
|---|---|
| 04/21.06.2022, 2,70,000/- | 30000 |

മേൽപ്പറഞ്ഞ ഗുണഭോക്താവിന് 30000/- രൂപ അധികം നൽകിയതിനുള്ള കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.25/13.09.2023 ) മറുപടി ലഭിച്ചിട്ടില്ല.
അധികമായി നൽകിയ 30000/- രൂപ നിരാകരിക്കുന്നു. ടി തുക ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.
(ഭാഗം 3-1 കാണുക)

## 1-24 മാർഗരേഖക്ക് വിരുദ്ധമായി അംഗീകാരം ഇല്ലാതെ പ്രോജക്ട് നടപ്പിലാക്കിയത് സംബന്ധിച്ച്

| | |
|---|---|
| പ്രോജക്ട് നം. | 259/23 (കേരളോത്സവം) |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 128000-<br>വികസന ഫണ്ട് (ജനറൽ) 100000<br>തനത് ഫണ്ട് 28000 |
| ചെലവ് | വികസന ഫണ്ട് (ജനറൽ) 100000<br>തനത് ഫണ്ട് 20000 |
| ബിൽ നം/ തീയതി | 1) 26/16.12.2022- 1,00,000/-<br>2)തനത് ഫണ്ട്- 20000 (ചെക്ക് നം.8001/17.11.2022) |

2022-23 വർഷത്തിൽ സെക്രട്ടറി നിർവഹണം നടത്തിയ മേൽ പ്രോജക്ട് പ്രകാരം പഞ്ചായത്ത് തല കേരളോത്സവം നടത്തിപ്പിനായി 120000 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ടി പ്രോജക്ട് 2022-23 വർഷത്തെ ചെലവു പത്രികയിലും തൻവർഷം അംഗീകാരം ലഭ്യമായ പ്രോജക്ടുകളുടെ ലിസ്റ്റിലും ഉൾപ്പെട്ടിട്ടില്ല. സുലേഖ സോഫ്റ്റ്‌വെയറിൽ പ്രോജക്ടിന്റെ സ്റ്റാറ്റസ് Sent For Approval എന്നാണ് കാണിച്ചിട്ടുള്ളത്. 14-ാം പഞ്ചവത്സരപദ്ധതി മാർഗരേഖക്ക് വിരുദ്ധമായി വെറ്റിങ്ങ് ഓഫീസറുടെ അംഗീകാരം ഇല്ലാതെ തുക ചെലവഴിച്ചതിനുള്ള കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-25 ആദിവാസി കോളനിയിലേക്ക് സ്ട്രീറ്റ് ലൈൻ സ്ഥാപിച്ചതിൽ സ്ട്രീറ്റ് ലൈറ്റ് വാങ്ങൽ- വാങ്ങിയ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചിട്ടില്ല

പ്രോജക്ട്- 59 /22- 23
ആദിവാസി കോളനിയിലേക്ക് സ്ട്രീറ്റ് ലൈൻ സ്ഥാപിച്ചതിൽ സ്ട്രീറ്റ് ലൈറ്റ് വാങ്ങൽ
നിർവഹണോദ്യോഗസ്ഥൻ-സെക്രട്ടറി
ചെലവ് -55000 വികസനഫണ്ട്-ടി എസ് പി
ട്രഷറി ബിൽ നമ്പർ 6/ 6.7. 22

ആദിവാസി കോളനിയിലേക്ക് സ്ട്രീറ്റ് ലൈൻ സ്ഥാപിച്ചതിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി പ്രോജക്ട് പ്രകാരം 100 സ്ട്രീറ്റ് ലൈറ്റുകൾ ഫോട്രോണിക്സ് എൽഇഡി ലൈറ്റ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും ജെം വഴി വാങ്ങിയിട്ടുണ്ട്. സ്ട്രീറ്റ് ലൈറ്റ് ഒന്നിന് 550 രൂപ എന്ന നിരക്കിൽ ആകെ 55,000 രൂപ ചെലവഴിച്ചിട്ടുണ്ട്. സ്ഥാപനത്തിൽ നിന്നുള്ള ഇൻവോയ്സ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. സ്ട്രീറ്റ് ലൈറ്റുകൾ സംബന്ധിച്ച സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചപ്പോൾ സ്ട്രീറ്റ് ലൈറ്റുകൾ 30.4.2022 ന് ലഭ്യമായതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് സ്ഥാപിക്കാതെ ഗ്രാമ പഞ്ചായത്തിൽ സൂക്ഷിക്കുകയാണ് ചെയ്തിട്ടുള്ളത് എന്ന് കണ്ടെത്തി.വാങ്ങിയ സ്ട്രീറ്റ് ലൈറ്റുകളുടെ വാറണ്ടി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.23/തീയതി 13-09-2023) ആദിവാസി കോളനിയിലേക്ക് സ്ട്രീറ്റ് ലൈൻ സ്ഥാപിച്ചതിനു ശേഷം ആയതിൽ സ്ഥാപിക്കുന്നതിനായി വാങ്ങിയ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് 2022-23 വർഷത്തിൽ തന്നെ 58/2022-23 പ്രോജക്ട് ഏറ്റെടുത്ത് ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിട്ടുള്ളതായിരുന്നു. എന്നാൽ ലൈറ്റുകളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി മലമ്പുഴ എൻഎസ്എസ് കോളേജിലേക്ക് നൽകിയിട്ടുള്ളതാണ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് കാലതാമസം നേരിട്ടതിനാൽ പ്രോജക്ട് നടപ്പിലാക്കിയിട്ടില്ല. എന്നാൽ 2023-24 വർഷത്തിൽ നടപ്പാക്കാൻ സ്പിൽഓവർ ആക്കിയിട്ടുണ്ട്. ഇൻവോയ്സ് ഫയലിൽ നിന്നും മാറ്റി വെച്ചിട്ടുള്ളതാണ് ലഭ്യമാക്കുന്ന മുറക്ക് ഓഡിറ്റിന് ഹാജരാക്കുന്നതാണ് എന്ന മറുപടിയാണ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയിട്ടുള്ളത്.

വാങ്ങിയ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കാതെ ഒരുവർഷത്തിൽ കൂടുതലായി ഗ്രാമ പഞ്ചായത്തിൽ സൂക്ഷിച്ചത് ശരിയായ നടപടിയല്ല. അടിയന്തിരമായി സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-26 തെരുവിളക്ക് അറ്റകുറ്റപ്പണി-കൃത്യമായ കണക്കില്ലാതെ തുക ചെലവഴിക്കുന്നു

പ്രോജക്ട്-110/22-23

തെരുവിളക്ക് അറ്റകുറ്റപ്പണി എ എം സി

നിർവഹണ ഉദ്യോഗസ്ഥൻ -സെക്രട്ടറി

ചെലവ്- 178350 തനത് ഫണ്ട്

ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ വാർഷിക അറ്റകുറ്റപ്പണികൾക്കായി 12.12.2022ൽ നടത്തിയ

ടെൻഡറിൽ ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത AAഅസോസിയേറ്റ്സ് തൂപ്പാളൂർ എന്ന സ്ഥാപനത്തിന്റെ ടെൻഡർ 29.12.2022 ലെ ഭരണസമിതി തീരുമാനം 3(2) പ്രകാരം അംഗീകരിച്ച് വിവിധ വാർഡുകളിൽ ജനുവരി, ഫെബ്രുവരി മാസങ്ങളിൽ നടത്തിയ അറ്റകുറ്റപ്പണികൾക്കായി ആകെ 178350 രൂപ പ്രോജക്ടിൽ ഉൾപ്പെടുത്തി ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് പ്രകാരം തെരുവിളക്കുകൾ അറ്റകുറ്റപ്പണി നടത്തിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | നിരക്ക് | എണ്ണം | തുക |
|---|---|---|---|
| 12 W ബൾബ്(LED) | 537.5 രൂപ | 36 | 19350 |
| LED സ്ട്രീറ്റ് ലൈറ്റ് | 750 രൂപ | 212 | 159000 |
| ആകെ | | | 178350 |

തെരുവ് വിളക്കുകളുടെ പരിപാലനവുമായി ബന്ധപ്പെട്ട ചുവടെ ചേർക്കുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1.ഗ്രാമപഞ്ചായത്ത് പരിധിയിൽ ആകെ എത്ര തെരുവ് വിളക്കുകൾ ഉണ്ട് ,അതിൽ ഏതെല്ലാം തരം ഉണ്ട് എന്നത് സംബന്ധിച്ച ആധികാരിക വിവരങ്ങൾ ലഭ്യമല്ല. മേൽ വിവരങ്ങൾ വ്യക്തമാകുന്നതിനായി കെഎസ്ഇബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല.

2.തെരുവിളക്ക് രജിസ്റ്ററിൽ പൂർണ്ണമായ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. ഹാജരാക്കിയ തെരുവ് വിളക്ക് രജിസ്റ്ററിൽ 2020-21 വർഷം മുതൽ വാങ്ങിയ തെരുവ് വിളക്കുകൾ സ്ഥാപിച്ചത് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുക മാത്രമേ ചെയ്തിട്ടുള്ളൂ.

ഗ്രാമപഞ്ചായത്ത് പരിധിയിൽ ആകെ എത്ര തെരുവ് വിളക്കുകൾ ഉണ്ട്,അതിൽ ഏതെല്ലാം തരം വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട്,പോസ്റ്റ് നമ്പറുകൾ,,വിളക്കുകൾ അവസാനമായി മാറ്റി സ്ഥാപിച്ചത് എന്നീ വിവരങ്ങൾ വ്യക്തമാക്കുന്ന രീതിയിൽ തെരുവ് വിളക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തൽ വരുത്തി സൂക്ഷിച്ചിട്ടില്ല. മുൻവർഷങ്ങളിൽ വാങ്ങിയ വാറണ്ടി നിലവിലുള്ള ലാമ്പുകളെ ഒഴിവാക്കിയാണ് വാർഷിക അറ്റകുറ്റപ്പണികൾക്കായി തുക നൽകേണ്ടത്. എന്നാൽ രജിസ്റ്ററിൽ നിന്നും ഇത് സംബന്ധിച്ച വിവരങ്ങൾ വ്യക്തമാകുന്നില്ല.തെരുവ് വിളക്ക് പരാതി രജിസ്റ്റർ സൂക്ഷിച്ചിട്ടുമില്ല.
3.മേൽ പ്രോജക്ട് പ്രകാരമുള്ള അറ്റകുറ്റപണികൾക്കായി സ്ഥാപനവുമായി ചമച്ച കരാറിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.കരാറിൽ തീയതി രേഖപ്പെടുത്തിയിട്ടുമില്ല.

4. വിവിധ വാർഡുകളിലെ മാറ്റിയ വിളക്കുകൾ സംബന്ധിച്ച് മെമ്പർമാർ നൽകുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ആണ് സ്ഥാപനത്തിന് തുക നൽകിയിട്ടുള്ളത്. എന്നാൽ ഏതൊക്കെ പോസ്റ്റുകളിൽ ഏതൊക്കെ തരം വിളക്കുകളാണ് മാറ്റിയിട്ടുള്ളത്,വിളക്കുകൾ മാറ്റി സ്ഥാപിച്ച തിയതി എന്നിവ സംബന്ധിച്ച് വ്യക്തമായ രേഖപ്പെടുത്തൽ മേൽ സാക്ഷ്യപത്രത്തിൽ ചേർത്തിട്ടില്ല.

അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.9/12-09-2023) ഗ്രാമപഞ്ചായത്ത് പരിധിയിൽ ഏകദേശം 2800 തെരുവ് വിളക്കുകളാണ് ഉള്ളത് എന്നും എന്നാൽ ഏതെല്ലാം തരം തെരുവ് വിളക്കുകളാണ് ഉള്ളത് എന്നത് സംബന്ധിച്ച് കെഎസ്ഇബിയുമായി നാളിതുവരെ സംയുക്ത പരിശോധന നടത്തിയിട്ടില്ല എന്നും ആയത് നടത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

തെരുവ് വിളക്കുകളുടെ എണ്ണം, തരം എന്നിവ സംബന്ധിച്ച് കെഎസ്ഇബിയുമായി ചേർന്ന് സംയുക്ത പരിശോധന അടിയന്തിരമായി നടത്തി തെരുവിളക്ക് രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തി രജിസ്റ്റർ ആധികാരികമാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-27 ഐകെഎം ന് പഞ്ചായത്ത് വിഹിതം നൽകൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

പ്രോജക്ട്- 17/ 22-23

ഐകെഎം പഞ്ചായത്ത് വിഹിതം നൽകൽ

നിർവഹണ ഉദ്യോഗസ്ഥൻ -സെക്രട്ടറി

ചെലവ് - 106990 രൂപ വികസനഫണ്ട് ജനറൽ

ട്രഷറി ബിൽ നമ്പർ 23/ 8.12. 22

മേൽ പ്രോജക്ട് പ്രകാരം ഐ കെ എമ്മിന് നൽകിയ പഞ്ചായത്ത് വിഹിതം വിനിയോഗിച്ചത് സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രം ഐകെഎം ൽ നിന്നും ലഭ്യമാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല.വിനിയോഗ സാക്ഷ്യപത്രം ആവശ്യപ്പെട്ട് കത്ത് നൽകിയെങ്കിലും ആയത് ലഭ്യമായിട്ടില്ല, ആയത് ലഭ്യമാകുന്ന മുറക്ക് ഓഡിറ്റിന് ഹാജരാക്കുന്നതാണ് എന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന്(നം.21/13.9.23) മറുപടി നൽകിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

1-28 കടപ്പാറ ജി എൽ പി സ്കൂളിൽ സ്ഥാപിക്കുന്നതിന് വാട്ടർ പ്യൂരിഫയർ വാങ്ങിയത് സ്കൂളിൽ സ്ഥാപിക്കാതെ ഗ്രാമ പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിരിക്കുന്നു

പ്രോജക്ട് നമ്പർ 65/22-23

കടപ്പാറ ജി എൽ പി- എസ് വാട്ടർ പ്യൂരിഫയർ വാങ്ങൽ

നിർവഹണ ഉദ്യോഗസ്ഥൻ -സെക്രട്ടറി

ട്രഷറി ബിൽ നമ്പർ- 66/31.3.23

ചെലവ്- 21145 രൂപ മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്

സെക്രട്ടറി നിർവഹണം നടത്തിയ മേൽ പ്രോജക്ട് പ്രകാരം കടപ്പാറ ജി എൽ പി സ്കൂളിലെ ഉപയോഗത്തിനായി വാട്ടർ പ്യൂരിഫയർ തേജസ് ട്രേഡിങ് കോർപ്പറേഷൻ തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ നിന്നും ജെം വഴി വാങ്ങിയിട്ടുണ്ട് (ഇൻവോയിസ് നം.243/22-23 തി.26.3.23). ഗ്രാമപഞ്ചായത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ ആയത് ചേർത്തിട്ടുണ്ടെങ്കിലും സ്കൂളിലെ ഉപയോഗത്തിനായി സ്ഥാപിക്കുന്നതിന് വാട്ടർ പ്യൂരിഫയർ നൽകാതെ ഗ്രാമ പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിരിക്കുകയാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം-10/12-9-2023) വാട്ടർ പ്യൂരിഫയർ സ്കൂളിൽ സ്ഥാപിക്കുന്നതിന് വേണ്ട സൗകര്യക്കുറവ് കൊണ്ടാണ് നൽകാതിരുന്നത് എന്നാണ് അറിയിച്ചിട്ടുള്ളത്. പൈപ്പ് കണക്ഷൻ പോയിന്റ് സ്ഥാപിച്ചാൽ മാത്രമേ ഫിൽറ്റർ യൂണിറ്റ് സ്ഥാപിക്കുവാൻ കഴിയുകയുള്ളൂ, ആയതിന് 500 ലിറ്റർ സിന്തറ്റിക് ടാങ്ക്, 1/2 എച്ച് പി ഇലക്ട്രിക് മോട്ടോർ, വയറിങ്, പ്ലംബിംഗ് എന്നിവ ചെയ്യുവാൻ എൻജിനീയറിംഗ് വിഭാഗത്തിന്റെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ഫണ്ട് വകയിരുത്തി വാട്ടർ പ്യൂരിഫയർ സ്ഥാപിക്കുന്നതാണ് എന്നാണ് സെക്രട്ടറി മറുപടി നൽകിയിട്ടുള്ളത്. മറുപടിയിൽ സൂചിപ്പിച്ച അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പ് വരുത്താതെ തന്നെ പ്രോജക്ടിലൂടെ വാട്ടർ പ്യൂരിഫയർ വാങ്ങി സൂക്ഷിച്ച നടപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല. മറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ച് വാട്ടർ പ്യൂരിഫയർ സ്ഥാപിക്കുന്നത് വരെ ചെലവ് തുക 21145 രൂപ ഓഡിറ്റ് തടസ്സത്തിൽ വെക്കുന്നു.

1-29 ഹോമിയോ മരുന്നുകൾ സ്റ്റോക്കിലെടുത്ത് സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കേണ്ടതാണ്

നിർവഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രോജക്ട് -01/22-23

ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന്,ബോട്ടിൽ എന്നിവ വാങ്ങൽ

അടങ്കൽ,ചെലവ്-300000 രൂപ (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്)

ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് ബോട്ടിൽ എന്നിവ വാങ്ങൽ പ്രോജക്ട് പ്രകാരം 300000 രൂപ പിൻവലിച്ച് ഹോംകോ- ആലപ്പുഴക്ക് നൽകിയിട്ടുണ്ട് (ട്രഷറി ബിൽ നം.61/22-23,തി.19.10.2022, പ്രോഫോർമ ഇൻവോയിസ് (നം1303/2.3.2023).എന്നാൽ ലഭ്യമായ മരുന്നുകൾ സ്റ്റോക്കിലെടുത്ത് സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമായ ബിൽ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ-11/12-9-2023)

## 1-30 കംപ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ സ്റ്റോക്ക് രജിസ്റ്റർ കൃത്യമാക്കി സൂക്ഷിച്ചിട്ടില്ല

| | | |
|---|---|---|
| 1. | | |
| പ്രോജക്ട് | 64/22-23 | |
| | കടപ്പാറ ജി എൽപിഎസ് കമ്പ്യൂട്ടർ പ്രിന്റർ മറ്റു ഉപകരണങ്ങൾ വാങ്ങൽ | മിനി പി.സി-40252 രൂപ<br>A4 മോണോ ക്രോം പ്രിന്റർ-18347 |
| ചെലവ് | 58599 മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | കെൽട്രോണിൽ നിന്ന് |
| 2 | | |
| പ്രോജക്ട് | 115/22-23 | |
| | ഹോമിയോ ഡിസ്പെൻസറിക്ക് കംപ്യൂട്ടർ ലാപ്ടോപ്പ് എന്നിവ വാങ്ങൽ | ഡെസ്ക്ക് ടോപ്പ് മീഡിയം എൻഡ്-54954 രൂപ<br>A4 മൾട്ടി ഫങ്ക്ഷൻ പ്രിന്റർ-35040 രൂപ |
| ചെലവ് | 89994- മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | കെൽട്രോണിൽ നിന്ന് |
| 3 | | |
| പ്രോജക്ട് | 62/22-23 | |
| | വെറ്ററിനറി ഡിസ്പെൻസറിക്ക് കംപ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ | ഡെസ്ക്ക് ടോപ്പ് മീഡിയം എൻഡ്-44855 രൂപ |
| ചെലവ് | 44855 രൂപ -മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | കെൽട്രോണിൽ നിന്ന് |
| 4. | | |
| പ്രോജക്ട് | 54/22-23 | |
| | അസിസ്റ്റന്റ് എഞ്ചിനീയർ ഓഫീസിലേക്ക് യുപി എസ്, പ്രിന്റർ എന്നിവ വാങ്ങൽ | ലേസർ മോണോക്രോം പ്രിന്റർ-15660 |

| | | |
|---|---|---|
| ചെലവ് | 15660 മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | ജെം വഴി |

മേൽ ചേർത്ത പ്രോജക്ടുകൾ പ്രകാരം സെക്രട്ടറി കമ്പ്യൂട്ടർ, മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങിയിട്ടുണ്ട്.ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതും വിതരണം ചെയ്തതുമായി ബന്ധപ്പെട്ട് കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1.ഗ്രാമപഞ്ചായത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ കമ്പ്യൂട്ടർ, മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ സ്പെസിഫിക്കേഷൻ വ്യക്തമായി രേഖപ്പെടുത്തിയിട്ടില്ല.

2.കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ കൈപ്പറ്റിയതായി മെഡിക്കൽ ഓഫീസർ ഒഴികെയുള്ള ഉദ്യോഗസ്ഥർ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.

3.പ്രോജക്ട് നമ്പർ 62/22-23 പ്രകാരം വെറ്റിനറി ഡിസ്പെൻസറിക്ക് വാങ്ങിയ കമ്പ്യൂട്ടർ മെഡിക്കൽ ഓഫീസർ പി എച്ച് സി കൈപ്പറ്റിയതായിട്ടാണ് ഒപ്പ് രേഖപ്പെടുത്തിയിട്ടുള്ളത്.

4.കമ്പ്യൂട്ടർ നൽകിയതുമായി ബന്ധപ്പെട്ട കടപ്പാറ ജി എൽപിഎസ് സ്കൂളിലെ സ്റ്റോക്ക് ബുക്ക് പരിശോധിച്ചതിൽ ഈ കമ്പ്യൂട്ടർ ലഭിച്ചത് സംബന്ധിച്ച് സ്റ്റോക്ക് ബുക്കിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.24/13.9.23) സ്പെസിഫിക്കേഷൻ സംബന്ധിച്ച് വ്യക്തമായ രേഖപ്പെടുത്തൽ വരുത്തി കൈപ്പറ്റിയ, ഉദ്യോഗസ്ഥരിൽ നിന്നും ഒപ്പ് ശേഖരിച്ച് സ്റ്റോക്ക് രജിസ്റ്റർ പുനർസമർപ്പിക്കുന്നതാണ് എന്നും വെറ്റിനറി ഡിസ്പെൻസറിയിലേക്ക് വാങ്ങിയ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ നിർവഹണ ഉദ്യോഗസ്ഥന് കൈമാറിയിട്ടില്ല ആയത് സ്റ്റോക്ക് എൻട്രി വരുത്തിയതിൽ മെഡിക്കൽ ഓഫീസർ തെറ്റായി ഒപ്പ് രേഖപ്പെടുത്തിയതാണ് എന്നും അത് മാറ്റി വെറ്ററിനറി സർജന്റെ ഒപ്പ് രേഖപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്നും കടപ്പാറ ജി എൽപിഎസ് സ്കൂളിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ നൽകിയിട്ടുണ്ട് എന്നും കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നതിന് ഹെഡ്മാസ്റ്റർക്ക് നിർദ്ദേശം നൽകുന്നതാണ് എന്നും സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്.

സ്റ്റോക്ക് രജിസ്റ്ററിലെ അപാകതകൾ പരിഹരിച്ച് സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. വെറ്റിനറി ഡിസ്പെൻസറിയിലേക്ക് വാങ്ങിയ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ എത്രയും വേഗം നിർവഹണ ഉദ്യോഗസ്ഥന് കൈമാറേണ്ടതാണ്.

## 1-31 അസിസ്റ്റന്റ് എഞ്ചിനിയറുടെ അക്കൗണ്ടിൽ അവശേഷിക്കുന്ന തുക ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് കൈമാറേണ്ടതാണ്

അസി.എഞ്ചിനിയറുടെ പേരിൽ വടക്കഞ്ചേരി SBI ലുള്ള ബാങ്ക് അക്കൗണ്ടിൽ (നം.371981225077) 31.3.2023 തിയതിയിൽ 199188.50 രൂപ നീക്കിയിരിപ്പുണ്ട്. ഇ-ടെണ്ടർ ഫോറങ്ങളുടെ വിലയായി ലഭ്യമായ തുക തനത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം. 28/14.9.2023 ന് മറുപടി ലഭ്യമായില്ല.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-32 മരാമത്ത് പ്രവൃത്തികൾ -എഗ്രിമെന്റ് ചമയ്ക്കുന്നതിൽ കാലതാമസം-ഫൈൻഈടാക്കിയില്ല

കേരള പൊതുമരാമത്ത് മാന്വലിലെ വകുപ്പ് 2009.6 പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും 14 ദിവസം മുതൽ 10 ദിവസത്തിനകം കരാർ തുകയുടെ 1% പിഴ ഈടാക്കി കരാറുടമ്പടി വെയ്ക്കാവുന്നതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000

രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. സമയബന്ധിതമായി കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽക്കൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

അസിസ്റ്റന്റ് എഞ്ചിനീയർ 2022-23 വർഷത്തിൽ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തികളുടെ കരാറുകാർ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയതിന് മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കാതെ ഫൈനൽ ബിൽ അനുവദിച്ചതായി കണ്ടെത്തി. ഈയിനത്തിൽ പഞ്ചായത്ത് ഫണ്ടിനുണ്ടായിട്ടുള്ള നഷ്ടം കോൺട്രാക്ടറിൽ നിന്ന് ഈടാക്കി അടവാക്കേണ്ടതാണ്.

(1)

| ക്രമ നം | പ്രവൃത്തിയുടെ വിവരം | 96/23- മൃഗാശുപത്രി കെട്ടിടം മെയിന്റനൻസ് |
|---|---|---|
| 1 | അടങ്കൽ - | 200000/- (മെയിന്റനൻസ് ഫണ്ട് -നോൺ റോഡ്) |
| 2 | PAC- | 166134/- |
| 3 | കരാറുകാരൻ | രമേഷ്.ആർ. |
| 4 | എഗ്രിമെന്റ് നം.: | 07/2022-23/AE/LSGD /VDY/12.9.22 |
| 5 | ബിൽ നം. | Bill No.9/17.3.23 |
| 6 | എം.ബുക്ക് നം. | 186/21-22 |
| 7 | ടെണ്ടർ അംഗീകരിച്ച തിയതി | - |
| 8 | സെലക്ഷൻ നോട്ടീസ് നൽകിയത് | 23.8.22 |
| 9 | പിഴ കൂടാതെ എഗ്രിമെന്റ് വെക്കേണ്ട അവസാന തിയതി | 5.9.22 |
| 10 | എഗ്രിമെന്റ് വെച്ച തിയതി | 12.9.22 |
| 11 | ഈടാക്കേണ്ടയിരുന്ന പിഴ (1%) | 1661/- |
| 12 | ഈടാക്കിയത് | 0 |
| 13 | ഈടാക്കേണ്ടത് | 1661/- |

(2)

| ക്രമ നം | പ്രവൃത്തിയുടെ വിവരം | 89/23- വണ്ടാഴി സി.വി.എം.എൽ.പി.എസ്. ടോയ് ലെറ്റ് നിർമ്മാണം (സ്പിൽ ഓവർ) |
|---|---|---|
| 1 | അടങ്കൽ | 283506/- ( കേന്ദ്രാവിഷ്കൃതം) |
| 2 | PAC- | 253130/- |

| | | |
|---|---|---|
| 3 | കരാറുകാരൻ | സി.എം.ബ്രിജേഷ് |
| 4 | എഗ്രിമെന്റ് നം.: | 38/21-22/AE/LSGD /VDY/19.1.22 |
| 5 | ബിൽ /വൗ.നം. | Sanction No.475/25.3.22-118731/- 141269/- Ch.No.3524682/7.10.22 |
| 6 | എം.ബുക്ക് നം. | 165/21-22 |
| 7 | ടെണ്ടർ അംഗീകരിച്ച തിയതി | - |
| 8 | സെലക്ഷൻ നോട്ടീസ് നൽകിയത് | 31.12.21 |
| 9 | പിഴ കൂടാതെ എഗ്രിമെന്റ് വെക്കേണ്ട അവസാന തിയതി | 13.1.22 |
| 10 | എഗ്രിമെന്റ് വെച്ച തിയതി | 19.1.22 |
| 11 | ഈടാക്കേണ്ടയിരുന്ന പിഴ (1%) | 2531/- |
| 12 | ഈടാക്കിയത് | 0 |
| 13 | ഈടാക്കേണ്ടത് | 2531/- |

പിഴയിനത്തിൽ ഈടാക്കേണ്ട 4192/- രൂപ (1661+2531) ഈടാക്കാത്തതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5/11.9.2023)മറുപടി ലഭ്യമാക്കിയിട്ടില്ല. പിഴ തുക കരാറുകാരനിൽ നിന്നോ ഫൈനൽ ബിൽ അനുവദിച്ച നൽകിയ നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-33 മെറ്റീരിയലുകൾ വിതരണം ചെയ്ത വിതരണക്കാരുടെ ബില്ലുകളിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തിയില്ല

2017 ലെ സി.ജി.എസ്.ടി ആക്ട് വകുപ്പ് 51(1), 2017 ലെ എസ്.ജി.എസ്.ടി ആക്ട് സെക്ഷൻ 51(1) എന്നിവ പ്രകാരം കരാർ തുക 2.50 ലക്ഷം രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ കരാറുകളിൽ ബിൽ തുക നൽകുമ്പോൾ CGST, SGST ഇനത്തിൽ 1% വീതം ആകെ 2% സ്രോതസ്സിൽ നിന്നും കുറവ് ചെയ്യാൻ മാർഗ്ഗനിർദ്ദേശമുണ്ട്. ജി.എസ്.ടി ഒഴികെയുള്ള തുകയിൽ നിന്നാണ് 2% കുറവ് ചെയ്യേണ്ടത്.

2022-23 വർഷത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി സാധനങ്ങൾ വാങ്ങുന്നതിനുള്ള ടെണ്ടർ ക്ഷണിച്ചതിൽ ശ്രീ.മനോജ്.എം, ചാമക്കാട് എന്ന കരാറുകാരന്റെ ടെണ്ടറാണ് അംഗീകരിച്ചിട്ടുള്ളത്. 2022-23 വർഷത്തിൽ 16 പ്രവൃത്തികളിലായി ആകെ 4298289/- രൂപയാണ് വിതരണക്കാരന് അനുവദിച്ചിട്ടുള്ളത്. 2022-23 വർഷത്തിൽ വിതരണക്കാരന് നൽകിയ ബില്ലുകളിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ട 2% നിരക്കിലുള്ള ടി.ഡി.എസ് ഈടാക്കിയിട്ടില്ല. ബിൽ തുക നൽകിയ വേളയിൽ 2% ടി.ഡി.എസ് ഈടാക്കാതെ വിതരണക്കാരന് മുഴുവൻ തുകയും അനുവദിച്ചതിനു വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

ജി.എസ്.ടി ടി.ഡി.എസ് ആയി ഈടാക്കിയ തുക തൊട്ടടുത്ത മാസം ഒടുക്കേണ്ടതും റിട്ടേൺ ഫയൽ ചെയ്യേണ്ടതുമാണ്. ഇക്കാര്യത്തിൽ വീഴ്ച വരുത്തിയാൽ ഫൈൻ ബാധകമാണ്. ടി.ഡി.എസ് നടത്താതിരുന്നാൽ കരാറുകാരൻ കൈപ്പറ്റിയ തുകയ്ക്കുള്ള ജി.എസ്.ടി ഒടുക്കാതിരിക്കുവാൻ സാധ്യതയുണ്ട്. മാസങ്ങൾ കഴിഞ്ഞ് ടി.ഡി.എസ് ഒടുക്കുന്നത് പ്രായോഗികമല്ലാത്തതിനാൽ ഗ്രാമപഞ്ചായത്ത് അനുവദിച്ച മുഴുവൻ തുകയ്ക്കുമുള്ള ജി.എസ്.ടി കരാറുകാരൻ കേന്ദ്ര-സംസ്ഥാന സർക്കാരുകളിലേക്ക് ഒടുക്കിയിട്ടുണ്ടെന്ന് രേഖകൾ ലഭ്യമാക്കി ഉറപ്പുവരുത്തി അറിയിക്കേണ്ടതാണ്.ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(27/14.9.2023)നൽകിയ മറുപടിയിൽ അറിവില്ലായ്മ കൊണ്ട് സംഭവിച്ചതാണെന്നും മേൽ നിർദേശം ഭാവിയിൽ ശ്രദ്ധിക്കാമെന്ന് അറിയിച്ചിട്ടുണ്ട്.

### 1-34 മരാമത്ത് പ്രവൃത്തികൾ-പൊതു അവലോകനം

2022-23 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ അംഗീകാരം ലഭിച്ച 98 പ്രവൃത്തികളിൽ 30 എണ്ണം നടപ്പിലാക്കിയിട്ടുണ്ട്. മൊത്തം അടങ്കൽ 32785929 രൂപയും ചെലവ് 7178975 രൂപയുമാണ്. ഏറ്റെടുത്ത പ്രവൃത്തികളിൽ 28.44% പൂർത്തീകരിച്ചപ്പോൾ വകയിരുത്തിയ തുകയുടെ 21.89% മാത്രമാണ് ചെലവഴിക്കാനായത്. മെയിന്റനൻസ് ഫണ്ട്-റോഡിനത്തിൽ മൊത്തം അടങ്കൽ 11977000/- രൂപയും ചെലവ് 2465231/- രൂപയുമാണ്. 20.58ശതമാനം മാത്രമാണ് ചെലവ് ചെയ്തിരിക്കുന്നത്. വളരെ കുറവ് തുക ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം.6/11.9.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മെയിന്റനൻസ് ഫണ്ടുകൾ പൂർണ്ണമായും ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതും സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ നഷ്ടപ്പെടുത്താതെ പൂർണ്ണമായും വിനിയോഗിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 വീട് വാസയോഗ്യമാക്കൽ- തുക അധികം നൽകി

| | |
|---|---|
| പ്രോജക്ട് നം. | 73/23 (വീട് വാസയോഗ്യമാക്കൽ-എസ്സ്.സി- സ്പിൽഓവർ) |
| നിർവഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ സർക്കിൾ I |
| അടങ്കൽ | 1895000/- (വികസനഫണ്ട്-SCP) |
| ചെലവ് | 1890000/- (വികസനഫണ്ട്-SCP) |

2021-22-ലെ വീട് വാസയോഗ്യമാക്കൽ (പട്ടികജാതി വിഭാഗം) പ്രോജക്ട് പ്രകാരം വീട് പണി പൂർത്തിയാക്കാത്ത ഗുണഭോക്താക്കൾക്ക തൻവർഷം പണി പൂർത്തിയാക്കുന്നതിന്റെ അടിസ്ഥാനത്തിൽ തുക അനുവദിച്ചു നൽകുക എന്നതാണ് പദ്ധതി. ഒരു ഗുണഭോക്താവിന് പരമാവധി 60000/- രൂപയാണ് വകയിരുത്തിയിരിക്കുന്നത്. 2021-22 വർഷത്തിൽ അനുവദിച്ചതിന്റെ ബാക്കിയുള്ള തുക വീട് പണി പൂർത്തിയാക്കിയ ഗുണഭോക്താക്കൾക്ക തൻവർഷം നൽകിയിട്ടുണ്ട്.

ഇതു സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ ഓമന, പയ്യാറോഡ് എന്ന ഗുണഭോക്താവിന് 2021-22

വർഷത്തിൽ വീട് വാസയോഗ്യമാക്കൽ പ്രോജക്ടിന്റെ ഭാഗമായി 60000/- രൂപയും 2022-23 വർഷത്തിൽ ഇതേ പ്രോജക്ടിന്റെ ഭാഗമായി 30000/- രൂപയും ഉൾപ്പെടെ 90000/- രൂപ (A/c No.3502101006209) നൽകിയിട്ടുണ്ട്. നൽകിയ തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

2021-22

| UTR നം/ തീയതി | നൽകിയ തുക |
|---|---|
| RBI3382186683712, 03/12/2021 | 30000 |
| RBI088227723 1047, 26.03.2022 | 30000 |

2022-23

| ബിൽ നം/ തീയതി, തുക | നൽകിയ തുക |
|---|---|
| 04/21.06.2022, 2,70,000/- | 30000 |

മേൽപ്പറഞ്ഞ ഗുണഭോക്താവിന് 30000/- രൂപ അധികം നൽകിയതിനുള്ള കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.25/13.09.2023 ) മറുപടി ലഭിച്ചിട്ടില്ല. അധികമായി നൽകിയ 30000/- രൂപ നിരാകരിക്കുന്നു. ടി തുക ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷൻ കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2022-23 | 4.9.2023 മുതൽ 14-9-2023 വരെ | ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | വകയിരുത്തിയ തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| നെമ്മാറ ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 1242500 | നെൽകൃഷിക്ക് കൂലിച്ചെലവ് | 866200 | 376300 |
| | | 400000 | അങ്കണവാടി പോഷകാഹാരം | 293845 | 106155 |
| | | 100000 | അങ്കണവാടി പോഷകാഹാരം-SC | 0 | 100000 |
| | | 350000 | സ്കോളർഷിപ്പ് | 175000 | 175000 |
| | | 6772500 | ലൈഫ് | 0 | 6772500 |

| | | | | | |
|---|---|---|---|---|---|
| | | 2500000 | ലൈഫ്-എസ്.സി | 0 | 2500000 |
| | | 1000000 | ലൈഫ്-എസ്.ടി | 0 | 1000000 |
| | | 1000000 | ലൈഫ്-സ്ഥലം വാങ്ങൽ | 0 | 1000000 |
| | | 1250000 | ലൈഫ്-സ്ഥലം വാങ്ങൽ-എസ്.സി | 0 | 1250000 |
| | | 300000 | ക്ഷീരകർഷകർക്ക് ഇൻസന്റീവ് | 300000 | 0 |
| | | 300000 | പാലിയേറ്റീവ് കെയർ | 100000 | 200000 |
| | | 15215000 | | 1735045 | 13479955 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 1775000 | നെൽകൃഷിക്ക് കൂലിച്ചെലവ് | 998615 | 776385 |
| | | 6772500 | ലൈഫ് | 0 | 6772500 |
| | | 2500000 | ലൈഫ്-എസ്.സി | 0 | 2500000 |
| | | 1000000 | ലൈഫ്-എസ്.ടി | 0 | 1000000 |
| | | 500000 | സ്കോളർഷിപ്പ് | 0 | 500000 |
| | | 100000 | ക്ഷീരകർഷകർക്ക് ഇൻസന്റീവ് | 100000 | 0 |
| | | 12647500 | | 1098615 | 11548885 |

4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഒന്നുമില്ല

4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം ലഭിച്ചത് | ആകെ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ്-KURDFC വായ്പ | - | 23510002 | 0 | 23510002 | 2893574 | - | 20616428 |

എന്നാൽ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-5 പ്രകാരം 21056428/- രൂപയാണ് തിരിച്ചടയ്ക്കാൻ അവശേഷിക്കുന്നതായി കാണിച്ചിട്ടുള്ളത്. RP-31 പ്രകാരം ടി വർഷം ലോൺവരവ് ഇല്ല. ആയതിനാൽ 440000/- രൂപയുടെ വ്യത്യാസം വ്യക്തമാക്കി മറുപടി ലഭ്യമാക്കേണ്ടതാണ്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച (21516+3787(fine) =25303/- ) ന്റെ വിശദ വിവരം ചുവടെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2020-21 | 1-20(1) | 3808 | കെ.എം.ജോസ് | 1220101238/ 12.7.22 |
| 2017-18 | 2-6 | 600 | അഭിലാഷ് | 1220101240/ 13.7.22 |
| | 2-6 | 200 | അഭിലാഷ് എടച്ചരാത്ത് | 1220101248/ 13.7.22 |
| | 2-6 | 200 | സന്തോഷ് ഡോമിനിക് | 1220101253/ 13.7.22 |
| | 2-6 | 200 | കെ.എൻ.സാബു | 1220101254/ 13.7.22 |
| | 2-6 | 200 | പി.ടി.തോമസ് | 1220101255/ 13.7.22 |
| | 2-6 | 200 | ജോയ് ജോർജ്ജ് | 1220101256/13.7.22 |
| | 2-6 | 200 | സജി പി.ആർ. | 1220101257/ 13.7.22 |
| 2017-18 | 2-2 | 360 | ഭവാനി.കെ.കെ | 1220101354/ 25.7.22 |
| | 2-3 | 200 | | |
| 2018-19 | 12-3 | 360 | | |
| | 1-13 | 200 | | |
| 2019-20, 2020-21 | Advance Payment | 1120 | | |
| | | 368(fine) | | |
| | | | | |
| 1999-2000 | 2-1 | 2663 25 (Fine) | ദേവയാനി | 1220101562/ 16.8.22 |

| | | | | |
|---|---|---|---|---|
| 2004-05 | 2-1 | 160 | ജോസഫ് | 1220101522/<br>11.8.22 |
| | | 120 | ജോസഫ് | |
| | | 259 | പ്രസാദ് | |
| | | 78 | സന്തോഷ് ഡോമിനിക് | |
| 2002-03 | 2-2 | 120 | പങ്കി | 1220101585/<br>11.8.22 |
| 2018-19 | 1-12 | 9900<br>3762(fine) | ഹസീബ് | 1220102450/<br>15.10.22 |
| | ആകെ | 25303 | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2015-16 | പ്രത്യേക അവലോകനം | 2015-16 | II.5.2 | കമ്പ്യൂട്ടർവത്ക്കരണം-അവലോകനം | വിഷയം ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി പരിഗണിച്ചിട്ടില്ല |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യേവലോകനം

(എ) സംക്ഷിപ്ത വിവരം

| | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 8510267 |
| ഓഡിറ്റ് വർഷത്തെ വരവ് | 46808554 |
| ആകെ | 55318821 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 37928726 |
| നീക്കിയിരിപ്പ് | 17390095 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ഭാഗം-1 പ്രകാരമുള്ള നഷ്ടം | 4192 |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത | 30000/- |

| | |
|---|---|
| തുക | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 567340 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 30000 | ശ്രീമതി.സജിത.കെ, വി.ഇ.ഒ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 507245 | ശ്രീമതി.സുധാകുമാരി, എ.സി. ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| 1-20 | 38950/- | ശ്രീമതി.ഉഷാകുമാരി, ഹെഡ് മിസ്ട്രസ്സ് |
| 1-28 | 21145 | ശ്രീ.സജീവ് കുമാർ കെ ജി, സെക്രട്ടറി |

ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-32 | 2531 | ശ്രീമതി.അരുണ.വി. അസി.എഞ്ചിനിയർ |
| 1-32 | 1661 | ശ്രീമതി.ഷബീന.ഐ., അസി.എഞ്ചിനിയർ |
| ആകെ | 4192 | |

(സി) കേന്ദ്ര- സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/ തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ഷബീന.ഐ. അസി.എഞ്ചിനിയർ | അസി.എഞ്ചിനിയർ, തര്യർ ഗ്രാമപഞ്ചായത്ത് | അലിഫ് , വടക്കേനട, കാവശ്ശേരി |
| ശ്രീമതി അരുണ.വി, അസി.എഞ്ചിനിയർ | കാട്ടാക്കട ഗ്രാമപഞ്ചായത്ത് | GNRA 51, ശിവാലയം റോഡ്, |

| | | |
|---|---|---|
| | | മേലാരന്നൂർ, കരമന, തിരുവനന്തപുരം |
| ശ്രീമതി.സജിത.കെ, വി.ഇ.ഒ | വി.ഇ.ഒ, വണ്ടാഴി ഗ്രാമപഞ്ചായത്ത് | കരിപ്പായി ഹൗസ്, കരിങ്കുളം, എലവഞ്ചേരി, പാലക്കാട്-678508 |
| ശ്രീമതി.ഉഷാകുമാരി, ഹെഡ് മിസ്ട്രസ്സ് | ജി.എൽ.പി.എസ്. പഴയഗ്രാമം, നെന്മാറ | ശ്രീലകം, ചക്കാത്തറ, പഴയഗ്രാമം, നെന്മാറ |
| ശ്രീമതി.സുധാകുമാരി, എ.സി. ഐ.സി.ഡി.എസ്.സൂപ്പർവൈസർ | സി.ഡി.പി.ഒ.,പട്ടാമ്പി, അഡീഷണൽ ഐ.സി.ഡി.എസ് പ്രോജക്റ്റ് | വീരങ്കാത്ത് ഹൗസ്, വിത്തനശ്ശേരി |
| ശ്രീ സജീവ്കുമാർ.കെ.ജി. സെക്രട്ടറി | സെക്രട്ടറി വണ്ടാഴി ഗ്രാമപഞ്ചായത്ത് | കാങ്കത്ത് ഹൗസ് പുതിയങ്കം പാലക്കാട് |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | KSA-PKD.18/323/22/ 30-11-22 (Audit Adalath Letter) | 1 |
| 1999-00 | | 20 |
| 2000-21 | | 14 |
| 2001-02 | | 7 |
| 2002-03 | | 4 |
| 2003-04 | | 5 |
| 2004-05 | | 8 |
| 2005-06 | | 4 |
| 2006-07 | | 4 |
| 2007-08 | | 3 |
| 2008-09 | | 3 |
| 2009-10&2020-11 | | 17 |

| | | |
|---|---|---|
| 2011-12 | | 6 |
| 2012-13, 2013-14 &2014-15 | | 10 |
| 2015-16 | | 4 |
| 2016-17 | | 19 |
| 2017-18 | | 14 |
| 2018-19 | | 13 |
| 2019-20 | KSA-PKD18/1345/22/ 21-7-22 | 8 |
| 2020-21 | KSA-PKD18/1578/ 22/27-7-22 | 17 |
| 2021-22 | KSA-PKD18/195/23 /Dt.21.2.23 | എല്ലാ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 7(1) dated 14-07-2023 and submitted on 02-08-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Vandazhi Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Vandazhi Grama Panchayat for the year 2022-2023

Date: 10/11/2023

Deputy Director
District Office Palakkad
Kerala State Audit Department

## Audit Report appended to the Audit Certificate of Vandazhi Grama Panchayat for the Year 2022-2023.

**1.Major Observations**

**2.Other Observations**

1. Details of cash or cheque withdrawl in reconciliation statement not furnished.
2. Monthly reconciliation not done.
3. Value of fixed assets in B-11 schedule of 2021-22 AFS is not carried forward as opening balance in 2022-23 Trial Balance.
4. Accumulated depreciation value of financial year not fixed.
5. Balance shown in B-4 schedule and B-17 schedule is not matching.
6. Water charge- Mismatch between AFS and Register.
7. Ledger and their respective registers are not reconciled monthly
8. Time barred deposits are not taken into own fund account as asset.

9. Advance Register not updated.

10. Asset register not updated.

11.Cash flow statement- net increase in cash flow does not match with the diference between the opening balance and closing balance of cash & cash equivalents.

12.The mandatory financial statements such as Ratios and Notes to accounts prescribed in the accounting rules are not submitted for Audit.

13. Journal entries not done intime for the items required accrual entry.Eg. property tax receivables

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ വണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3

## വാർഷിക കണക്കിന്റെ സംക്ഷിപ്ത പത്രികകൾ

| Vandazhi Grama Panchayat RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2022 to 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 8377041.00 |
| Cash | Cash | RP-40(a) | 133226.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1160660.00 |
| 130000000 | Rental income from Panchayat Properties | RP-3 | 713250.00 |
| 140000000 | Fees & User Charges | RP-4 | 600375.00 |
| 150000000 | Sale & Hire Charges | RP-5 | 73248.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 15983000.00 |
| 171000000 | Interest Earned | RP-9 | 254905.00 |
| 190000000 | Prior Period Income | RP-11 | 82414.00 |
| 210000000 | Establishment Expenses | RP-12 | 0.0 |
| 220000000 | Administrative Expenses | RP-13 | 0.0 |
| 230000000 | Operations & Maintenance | RP-14 | 122.00 |
| 311000000 | Earmarked Funds | RP-28 | 25000.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 14397921.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 12388065.00 |
| 460000000 | Loans, Advances and Deposits | RP-49 | 8000.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 79674.00 |
| 340000000 | Deposits Received | RP-33 | 64688.00 |
| 350000000 | Other Liabilities | RP-35 | 977232.00 |
| | Grand total | | 55318821.00 |
| | PAYMENTS | | |
| | Operating | | |
| 220000000 | Administrative Expenses | RP-13 | 10050.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-16 | 4000.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 54.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 9215203.00 |
| 460000000 | Loans, Advances and Deposits | RP-49 | 66932.00 |
| | Non Operating | | |

| | | | |
|---|---|---|---|
| 340000000 | Deposits Received | RP-33 | 24485.00 |
| 350000000 | Other Liabilities | RP-35 | 28608002.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 17316654.00 |
| Cash | Cash | RP-40(b) | 73441.00 |
| | Grand Total | | 55318821.00 |

Vandazhi Grama Panchayat INCOME & EXPENDITURE STATEMENT

For the period from 01-April-2022 to 31-March-2023

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 5136467.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 808418.00 |
| 140000000 | Fee & User Charges | I-4 | 1101575.00 |
| 150000000 | Sale & Hire Charges | I-5 | 81448.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 128112325.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 254905.00 |
| 180000000 | Other Income | I-9 | 79674.00 |
| 190000000 | Prior Period Income | I-19 | 82414.00 |
| | Total Income | | 135574812.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10 | 14373677.00 |
| 220000000 | Administrative Expenses | I-11 | 1209758.00 |
| 230000000 | Operations & Maintenance | I-12 | 2814025.00 |
| 240000000 | Interest & Finance | I-13 | 1680.00 |

| | | | |
|---|---|---|---|
| | Charges | | |
| 250000000 | Decentralised Plan Programme- Productive Sector / Programme Expenses | I-14 | 9144981.00 |
| 251000000 | Decentralised Plan Programme- Service Sector | I-14(A) | 29910571.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | I-14(B) | 934733.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | I-14(C) | 0.0 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 57926950.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 2176196.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |

| |
|---|
| Vandazhi Grama Panchayat BALANCE SHEET |
| As on 31-03-2023 |

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 44408290.15 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 25000.00 |
| 312000000 | Reserves | B-3 | 90312150.00 |
| | Total Reserve & Surplus | | 134745440.15 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 17310095.00 |
| | Total Grants, Contributions for Specific Purposes | | 17310095.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 21056428.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 21056428.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 610468.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 2166835.75 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 2777303.75 |
| | TOTAL LIABILITIES | | 175889266.90 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 384843.00 |
| 412000000 | Capital Work in Progress | B-11(b) | 2931745.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 0.0 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 30696429.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 117070991.00 |
| 416000000 | Accumulated Depreciation | B-11(a) | -29265271.00 |
| | Total Fixed Assets | | 121818737.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 301000.00 |

| | | | |
|---|---|---|---|
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | Total Investments | | 301000.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 4816.00 |
| 431000000 | Sundry Debtors (Receivables) | B-15 | 11097229.90 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 23510002.00 |
| 450000000 | Cash and Bank Balance | B-17 | 17390095.00 |
| 460000000 | Loans, Advances and Deposits | B-18 | 1767387.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | Total Current Assets, Loans and Advances | | 53769529.90 |

| | | | |
|---|---|---|---|
| | | | |
| | Other Assets | | |
| 470000000 | Other Assets | B-19 | 0.0 |
| | Total Other Assets | | 0.0 |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 175889266.90 |

DEPUTY DIRECTOR